ആളുകളെ തമിഴ് നാട്ടിൽനിന്നും മറ്റും കൊണ്ടുവന്ന് കുറഞ്ഞ കൂലിക്ക് അടിമകളെപ്പോലെ പണി ചെയ്യിപ്പിച്ച് ഭക്ഷണവും കൊടുത്ത് എട്ടുപത്തു ദിവസം പണി ചെയ്യിപ്പിച്ചിട്ട് നക്കാപിച്ചാ വല്ലതുംകൊടുത്ത് അവരുടെ നാട്ടിലേക്ക് അയയ്ക്കുന്ന ഒരു പരിതഃസ്ഥിതി പൊതുവെ ഉണ്ട്. കൃഷി ഉടമകൾക്ക് ആവശ്യമായി വരുന്ന തൊഴിലാളികളിൽ സ്ഥിരമായുള്ള തൊഴിലാളികളെ കഴിച്ച് ബാക്കി ആവശ്യം വരുന്ന തൊഴിലാളികൾ സ്ഥിരം തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി കൊടുക്കണമെന്നുള്ളതാണ് പ്രധാനമായിട്ടുള്ളത്. മറ്റു തൊഴിലിനൊന്നും പോകാതെ ഈ തൊഴിലാളിയെ ആശ്രയിച്ചു കഴിയുന്ന ആളുകൾ ഇല്ലാതെ വരുമ്പോൾ മാത്രം സമീപപ്രദേശങ്ങളിൽനിന്നുള്ള ആളുകളെ ജോലിക്ക് എടുക്കണമെന്നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇത് എതിർക്കേണ്ട കാര്യമൊന്നുമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർക്ക് അടുത്ത ദിവസം തുടർന്ന് സംസാരിക്കാം.

(4) അനൗദ്യോഗിക പ്രമേയങ്ങൾ

1. മുൻ കേന്ദ്രഗവൺമെൻറ് വാഗ്ദാനം ചെയ്തിരുന്ന കോച്ച് ഫാക്ടറി പഞ്ചാബിലേക്ക് മാറ്റാതെ പാലക്കാട്ടുതന്നെ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. സി. വാസുദേവമേനോൻ : സർ, ഞാൻ താഴെ കാണുന്ന പ്രമേയം അവതരിപ്പിക്കുന്നു. "കേരളത്തിൽ പാലക്കാട്ട് സ്ഥാപിക്കുമെന്ന് മുൻ കേന്ദ്രഗവൺമെൻറ് വാഗ്ദാനം ചെയ്തിരുന്ന കോച്ച് ഫാക്ടറി കേരളത്തിൽനിന്ന് പഞ്ചാബിലേക്ക് മാറ്റാനുള്ള കേന്ദ്രസർക്കാരിൻെറ ഇപ്പോഴത്തെ തീരുമാനത്തിൽ ഈ സഭയ്ക്കുള്ള പ്രതിഷേധം രേഖപ്പെടുത്തുകയും നിർദ്ദിഷ്ട കോച്ച് ഫാക്ടറി കേരളത്തിൽതന്നെ സ്ഥാപിക്കണമെന്ന് കേന്ദ്രഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു" എന്നുള്ളതാണ് പ്രമേയം.

സർ, ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് അടിസ്ഥാനപരമായ ചില കാര്യങ്ങൾ ആദ്യം ചൂണ്ടിക്കാണിക്കാനുണ്ട്. പഞ്ചാബിൽ ഒരു കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് എതിരായതുകൊണ്ടല്ല ഈ പ്രമേയം അവതരിപ്പിക്കുന്നത്. നമ്മുടെ രാജ്യത്ത് ബ്രിട്ടീഷ് ഭരണകാലത്തുതന്നെ മുതലാളിത്ത സമ്പ്രദായത്തിലുള്ള വലിയ വ്യവസായങ്ങൾ ഒരു ഭാഗത്ത് വളരുകയും മറുഭാഗത്ത് അങ്ങേയറ്റം നാടുവാഴി സമ്പ്രദായം നിലനിൽക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും അതിൽനിന്നും വ്യത്യസ്തമല്ല. ഇങ്ങനെ അസുഖകരമായ വ്യവസായ വളർച്ചയാണ് നമ്മുടെ രാജ്യത്തുണ്ടായിട്ടുള്ളത്. ഇതിൻെറ പ്രധാനമായിട്ടുള്ള കാരണം നമ്മുടെ കൃഷിക്കാരെ ചൂഷണം ചെയ്യുക, ഏറ്റവും ചുരുങ്ങിയ വിലയ്ക്ക് അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കുക, ഏറ്റവും കുറഞ്ഞ കൂലിക്ക് ആളുകളെ ലഭിക്കുക ഇതൊക്കെയാണ്. ഇതാണ് ആവശ്യമുള്ളതും. ആ രീതി തന്നെയാണ് മറ്റു വിധത്തിൽ ഇന്നും തുടരുന്നത്.

രാജ്യത്തിൻെറ പല ഭാഗത്തും ഇന്നു കാണുന്ന അസ്വസ്തത ഏറ്റവും ആപൽക്കരമായ രീതിയിലാണ് വളർന്നുവന്നിട്ടുള്ളത്. അതിനു കാരണം ഇന്നത്തെ സ്ഥിതിവിശേഷമാണ്. ഇന്ന് പഞ്ചാബിൽ നടക്കുന്നതായാലും ആസ്സാമിൽ നടക്കുന്നതായാലും മേഘാലയയിൽ നടക്കുന്നതായാലും നാഗാലാൻഡിൽ നടക്കുന്നതായാലും ശരി, ഇടയ്ക്കിടയ്ക്ക് കർണ്ണാടക

LIBRARY ARCHIVES Kerala Legislative Assembly

ത്തിലും മഹാരാഷ്ട്രയിലും നടക്കുന്നതായാലും ശരി, അതിൽ എല്ലാം തന്നെ; അവരുടെ ന്യായമായിട്ടുള്ള ചില അവകാശങ്ങളും ഉണ്ടെന്നുള്ളത് അംഗീകരിക്കാതെ വയ്യ. പഞ്ചാബിന്റെ തലസ്ഥാനത്തിന്റെ കാര്യം എടുക്കുകയാണെങ്കിൽതന്നെ രണ്ടു സംസ്ഥാനങ്ങളായി ഭാഗിച്ച സമയത്തു ഒരു സംസ്ഥാനത്തിന് തലസ്ഥാനമില്ലെന്നുള്ള സ്ഥിതി ഉണ്ടായപ്പോഴും തലസ്ഥാനം അനുവദിക്കും എന്നുള്ള ഉറപ്പ് കൊടുത്തതിനുശേഷം ആ സംഭവം ഇത്രത്തോളം നീട്ടിക്കൊണ്ടുപോയി ലോകത്ത് സംഭവിക്കാവുന്നതിൽവച്ച് ഏറ്റവും വലിയ അത്യാഹിതമെല്ലാം സംഭവിച്ചതിനുശേഷം അത് അംഗീകരിച്ചിരിക്കുകയാണ്. അതുകൊണ്ട് ബാലകൃഷ്ണപിള്ളയുടെ വാദം അംഗീകരിക്കുമോ എന്ന് തോന്നിപ്പോകും. മാത്രവുമല്ല ഇത്തരത്തിലുള്ള ഒരു പ്രക്ഷോഭണം, പ്രാദേശികമായ വികാരങ്ങളെ ഇളക്കിവിട്ടാൽ മാത്രമേ, മതപരമായ വികാരങ്ങളെ ഇളക്കിവിട്ടാൽ മാത്രമേ ആവശ്യങ്ങൾ അംഗീകരിക്കൂ എന്ന സ്ഥിതിവിശേഷം ഉണ്ടാക്കി നമ്മുടെ രാജ്യത്ത്.

ആസ്സാമിലും അതുപോലെ വളരെയധികം പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ വികാരങ്ങളെ ഇളക്കിവിട്ട് ഏറ്റവും അധികം കലാപമുണ്ടാക്കുന്നതിനുകാരണം അവർ പിന്നോക്കം നിൽക്കുന്നുവെന്നതാണ്. അവർ വിദ്യാഭ്യാസപരമായും മറ്റും പിന്നോക്കം നിൽക്കുന്ന ആളുകളാണ്. ഗുജറാത്തിലെ പ്രക്ഷോഭണം ഒതുക്കിത്തീർത്തുകൊണ്ട് ജനങ്ങളുമായി ഉണ്ടാക്കുന്ന ഒത്തുതീർപ്പിൽ അവസാനമായി പറഞ്ഞത് ഒരു മെഡിക്കൽ കോളേജും എഞ്ചിനീയറിംഗ് കോളേജുംകൂടി ആരംഭിക്കുന്ന കാര്യം ആലോചിക്കാം എന്നാണ്. അങ്ങനെ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും ആരംഭിക്കണമെങ്കിൽ ഇതുപോലെയുള്ള പതിനായിരക്കണക്കിന് ആളുകളുടെ തല താഴെ വീണാൽ മാത്രമേ കഴിയുകയുള്ളൂ എന്ന സ്ഥിതി ഈ രാജ്യത്തു വന്നുകൂടാത്തതാണ്. അക്രമമായ ഈ വളർച്ച, പ്രദേശികമായ വികാരങ്ങളെ ഇളക്കിവിടുന്ന നടപടികൾക്ക് ഈ രാജ്യത്തെ വളരെയേറെ സഹായിക്കുന്നുവെന്നുള്ളതാണ് പരമാർത്ഥമാണ്. ഇതിന് ഏറ്റവും പ്രധാനമായ കാരണം നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ്. തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നു. അങ്ങ് ഇന്നിവിടെ സംസാരിച്ച സമയത്ത് അടിസ്ഥാനപരമായ ചില കാര്യങ്ങളും പറഞ്ഞു. ഞങ്ങൾക്കും ആ കാര്യത്തിൽ അഭിപ്രായമുണ്ട്. നമ്മുടെ രാജ്യത്ത് സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞതിനുശേഷം ഈ കാലമത്രയും ഉള്ള അനുഭവത്തിൽനിന്നും, തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നതല്ലാതെ കുറയുന്നില്ല എന്നുകാണാം. എന്തുകൊണ്ട് തൊഴിലില്ലായ്മ കുറയുന്നില്ല. അതു കുറയ്ക്കാൻ എന്തുകൊണ്ടു കഴിയുന്നില്ല? ഒരു ഭരണത്തിന്. അതു മോശപ്പെട്ട ഭരണമായിക്കൊള്ളട്ടെ, ഈ വിഷയത്തിൽ എന്തെങ്കിലും സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? അതിന്റെ ഏറ്റവും പ്രയാസമായിട്ടുള്ള കാരണം ഈ സ്ഥിതിവിശേഷമെല്ലാമുണ്ടെങ്കിലും ശരി അതിനകത്തും ന്യായമായിട്ടുള്ള അവകാശങ്ങൾക്കുവേണ്ടി പോരാടുകയെന്നുള്ളത് നമ്മുടെ കടമയാണ്. ആ രീതിയിലാണ് പാലക്കാട് അനുവദിക്കും എന്നുപറഞ്ഞ കോച്ച് ഫാക്ടറി പാലക്കാട് അനുവദിക്കണമെന്നു പറയുന്നത്. സർ, പഞ്ചാബിൽ ഒരു കോച്ച് ഫാക്ടറി ആരംഭിക്കട്ടെ? നമ്മുടെ രാജ്യത്ത് റയിൽവേകോച്ചിന് വളരെയധികം ക്ഷാമമുണ്ട്. നമ്മൾ എല്ലാം സഞ്ചരിക്കുന്ന ഇപ്പോഴുള്ള പല കോച്ചുകളും ഡൽഹൗസിപ്രഭുവിന്റെ കാലത്ത് ഉണ്ടാക്കിയിട്ടുള്ളതാണ്. അത്തരത്തിലുള്ള കൽക്കരിവണ്ടികൾ ഇന്നും എന്റെ നാട്ടിൽ ഓടുന്നുണ്ട്. അംഗ്രേസ് ബ്രിട്ടീഷ് ഭരണകാലത്ത് ഉണ്ടാക്കിയിട്ടുള്ളവയാണ്. അതൊന്നും ഒരുപക്ഷേ ഇവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർ കണ്ടിട്ടുണ്ടാകുകയില്ല. പാലക്കാട്ടുനിന്നും ടിൻഡുക്കലിലേയ്ക്ക് പോകുന്ന വണ്ടി ഡൽഹൗസിപ്രഭുവിന്റെ കാലത്തുണ്ടാക്കിയിട്ടുള്ളതാണ്. ഇൻഡ്യൻ റെയിൽവേയിൽ റെയിൽവേകോച്ചുകൾക്ക് വളരെയധികം ക്ഷാമമുണ്ട്. ഇൻഡ്യയിൽ ഇനിയും കോച്ച്ഫാക്ടറി ആവശ്യമാണ്. കുറച്ച് കോച്ച്ഫാക്ടറികൂടി ഉണ്ടായാലേ നമ്മുടെ ക്ഷാമം തീരുകയുള്ളൂ. ആ നിലയ്ക്ക് കോച്ച്ഫാക്ടറി സ്ഥാപിക്കുകയെന്നുള്ള സാദ്ധ്യത നമ്മുടെ രാജ്യത്തുണ്ട്. അതു കേരളത്തിലാകണം. കേരളത്തിൽ പാലക്കാട്ടുതന്നെയാകണം എന്നാണ് പറഞ്ഞത്. കേന്ദ്രമൂലധനം കേരളത്തിൽ ഇറക്കുന്നത് ഓരോ പഞ്ചവൽസരപദ്ധതിക്കാലമാകുമ്പോഴും കുറഞ്ഞു കുറഞ്ഞു വരികയാണ്. സർക്കാർ മേഖലയിൽ ഇവിടെ വൻകിട വ്യവസായം വളർത്താൻ സാധിക്കുന്നില്ല. ഏതെങ്കിലും തരത്തിലുള്ള വൻവ്യവസായം വളരണമെങ്കിൽ അതു കേന്ദ്രഗവൺമെന്റിന്റെ മൂലധനമിറക്കിക്കൊണ്ടുമാത്രമേ സാധിക്കൂ. അങ്ങനെ ഏതെങ്കിലും വൻകിട വ്യവസായം കിട്ടുകയെന്നുള്ളത് കേരളത്തിന്റെ ആവശ്യമാണ്. പ്രത്യേകിച്ച് അതു പാലക്കാട്ടു സ്ഥാപിക്കണമെന്നുള്ളത്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഒരു പോദ്യം. കോച്ച് ഫാക്ടറി പാലക്കാട്ട് തന്നെ സ്ഥാപിക്കുന്നതിനുവേണ്ടി എക്സ്പെർട്ട് കമ്മറ്റി സ്ഥലം പരിശോധിക്കുക മാത്രമല്ല, എക്സ്പെർട്ട് കമ്മിറ്റി ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നുള്ള വിവരം അറിയാമോ ?

ശ്രീ. സി. വാസുദേവമേനോൻ : എക്സ്പെർട്ട് കമ്മിറ്റി പരിശോധിക്കുകയും ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുമാത്രമല്ല റെയിൽവേയുടെ കാര്യത്തിൽ, അംഗീകരിച്ച റെയിൽവേയ്ക്കുപോലും എങ്ങനെയാണ് പണം നീക്കിവച്ചിട്ടുള്ളത് എന്നു നമുക്ക് എല്ലാവർക്കും അറിയാം. എറണാകുളം—ആലപ്പുഴ റെയിൽവേയുടേയും കായംകുളം—ആലപ്പുഴ റെയിൽവേയുടേയും കാര്യം ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. അതുപോലെതന്നെ തലശ്ശേരി—മൈസൂർ റെയിൽവേ, കുറ്റിപ്പുറം—ഗുരുവായൂർ റെയിൽവേ തുടങ്ങിയ റെയിൽവേയുടെ കാര്യങ്ങൾ. ഇതിൽ ഒന്നെങ്കിലും അനുവദിക്കുമോ?

ഇനി അടുത്ത അഞ്ചുവർഷക്കാലത്തേയ്ക്ക് ഏഴാം പഞ്ചവൽസരപദ്ധതി നടക്കുകയാണ്. നമ്മളും ഭാരതീയരല്ലേ? ഭാരതത്തിന്റെ ഭാഗമല്ലേ. നമ്മളും പഞ്ചാബിനെപ്പോലെ പ്രക്ഷോഭണം കൂട്ടണമെന്ന് ശ്രീ. ബാലകൃഷ്ണപിള്ള പറഞ്ഞതിനെ പിന്താങ്ങുകയാണ് വേണ്ടത്. ഈ രീതിയിൽ ഈ രാജ്യത്ത് അങ്ങേയറ്റം പ്രാദേശികമായ വൈരുദ്ധ്യം ഉണ്ടാക്കുന്ന നയം അവസാനിപ്പിക്കണം. അതവസാനിപ്പിക്കുന്നതിനുവേണ്ടി, ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി, ശക്തമായി കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ സമ്മർദ്ദം ചെലുത്തുന്നതിൽ ഈ ഗവൺമെന്റ് അങ്ങേയറ്റം പരാജയപ്പെട്ടിരിക്കുകയാണ്. 3-4-1985-ലെ മലയാള മനോരമയിൽ ഈ കാര്യം വന്നിട്ടുണ്ട്. സർ, ശ്രീ. കെ. എം. മാണി ഉദ്ദേശിച്ചിട്ട് പറയുന്നതിന് ഒട്ടുംമടികാണിക്കും എന്ന് എനിക്കു തോന്നുന്നില്ല. അദ്ദേഹം അന്നു പറഞ്ഞതിനെക്കുറിച്ചുള്ള റിപ്പോർട്ട് ഇങ്ങനെയാണ്. ''റെയിൽവേ കോച്ച് ഫാക്ടറി കേരളത്തിൽ സ്ഥാപിക്കുമെന്ന വാഗ്ദാനം പാലിക്കണമെന്ന് കേരളം, കേന്ദ്രത്തോട് ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെടുമെന്ന് ധനകാര്യവകുപ്പു മന്ത്രി ശ്രീ. കെ. എം. മാണി നിയമസഭയിൽ വ്യക്തമാക്കി''. കേരള സംസ്ഥാനത്തിനു ന്യായമായും ലഭിക്കേണ്ട കോച്ച് ഫാക്ടറി മറ്റൊരു സംസ്ഥാനത്ത് സ്ഥാപിക്കുമെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെടുത്തിയ ഉടൻ

LIBRARY ARCHIVES Kerala Legislative Assembly

ഈ കാര്യത്തിൽ കേന്ദ്രം നൽകിയ വാഗ്ദാനത്തെക്കുറിച്ച് ശക്തമായ ഭാഷയിൽ മുഖ്യമന്ത്രി റെയിൽവേ വകുപ്പുമന്ത്രിക്ക് എഴുതി അയച്ചു എന്നാണ് പറഞ്ഞത്. ശക്തമായ ആവശ്യമോ, ശക്തമായ ഭാഷയോ, ശക്തമായ സ്വരമോ ഒന്നുംതന്നെ പരിഗണിച്ചില്ല. അതിൽ നിങ്ങൾക്ക് എന്തെങ്കിലും പ്രതിഷേധമുണ്ടോ? ഭരണപക്ഷവും പ്രതിപക്ഷവും യോജിച്ചു കൊണ്ട് ഈ പ്രമേയം പാസ്സാക്കുന്നതിനെങ്കിലും നിങ്ങൾ തയ്യാറാകുമോ? ന്യായമായ ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നുവെന്നതുകൊണ്ടാണ് അതു ശക്തമായ ഭാഷയിൽ എഴുതിയിരിക്കുന്നത്. കാര്യം ഞങ്ങൾ ഇവിടെ അവതരിപ്പിക്കുന്നതുകൊണ്ട് നിങ്ങൾ എതിർക്കാതിരിക്കണമെന്നും ആ നല്ല ഒരു മനോഭാവം ഈ കാര്യത്തിൽ കാണിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ബഹുമാനപ്പെട്ട മാണിയുടെ പാർട്ടി സമരത്തിനുണ്ട്. അവർ നമ്മുടെ പ്രമേയത്തിന് അനുകൂലമായി വോട്ടു ചെയ്യും എന്ന് അറിയാമോ?

ശ്രീ. സി. വാസുദേവമേനോൻ : എനിക്ക് അതിൽ ഉറപ്പില്ല. കാരണം അവർ പുറത്തു പലതും പറയാറുണ്ട് എന്നാൽ സഭയിൽ വന്നാൽ മറെറാന്നാണ് പറയുക. അതുകൊണ്ട് ഉറപ്പു പറയാൻ നിവൃത്തിയില്ല. അങ്ങനെ പറയാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. ഈ കാര്യത്തിൽ പാലക്കാട്ട് ശ്രീമാൻ കരുണാകരന്റെ പാർട്ടി ഒഴിച്ച് മറെറല്ലാ പാർട്ടികളും യോജിക്കും. എല്ലാ ജനപ്രതിനിധികളും യോജിച്ചുകൊണ്ട് ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ച് അതിശക്തമായ പ്രക്ഷോഭണം പരിപാടികളും, അത് പഞ്ചാബിലെപ്പോലെയല്ലാതെ ഏറെറവും ജനാധിപത്യപരമായി നടക്കുകയാണ്. ആ രീതിയിലുള്ള പ്രക്ഷോഭണങ്ങളും നടക്കുന്ന ഒരു ദിവസമാണ് ഇത്. അങ്ങനെ ഒരു ദിവസം തന്നെ അത് അവതരിപ്പിക്കുവാൻ സാധിച്ചതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. കോച്ച് ഫാക്ടറി പാലക്കാട്ടുതന്നെയാവണം. കേന്ദ്രഗവൺമെൻറ് കേരള ഗവൺമെൻറിനോടാണ് അവഗണന കാണിക്കുക എന്നതാണെങ്കിൽ കേരളാ ഗവൺമെൻറ് പാലക്കാട് ജില്ലയോട് അവഗണന കാണിക്കുന്നു എന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. രാജ്യത്തിന്റെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്ക് സഹായിക്കുന്ന രണ്ടു പദ്ധതികളാണ് ഇല്ലാതാക്കിയത്. സൈലൻറ്വാലി പദ്ധതിയും കുരിയാർകുട്ടി കാരപ്പാറ പദ്ധതിയും. കേരളത്തിലെ ജനങ്ങളെ രണ്ടു പൗരൻമാരായി കാണുന്നു. അവിടത്തെ കൃഷിക്കാർക്ക് സബ്സിഡി കൊടുക്കുന്നില്ല. അതുപോലെതന്നെ ഇടുക്കിയിലേയും മറു പ്രദേശങ്ങളിലേയും വനം കയ്യേറക്കാരായിട്ടുള്ള ആളുകളും, ഗവൺമെൻറിന്റെ റിസർവ്വ് ഫോറസ്റ്റ് കയ്യേറിയ ആളുകൾക്ക് പട്ടയം കൊടുക്കും. പാലക്കാട്ട് സ്വകാര്യ ജൻമികളുടെ പണ്ട് മുപ്പതും നാൽപ്പതും വർഷങ്ങൾക്ക് മുൻപ്, അവരുടെ ഭൂമിയിൽ പ്രവേശിച്ച് താമസിച്ച ആളുകൾക്ക് പട്ടയം കൊടുക്കുന്നില്ല. അങ്ങനെ പാലക്കാട് ജില്ലയുടെ അഭിവൃദ്ധിക്കും അവിടത്തെ ജനങ്ങളുടെ ആവശ്യങ്ങൾ നടത്തുന്നതിനും അങ്ങേയറെറം വിവേചനം കാണിക്കുന്ന ഈ രീതി അവസാനിപ്പിക്കണം. രാജ്യത്ത് ഛിദ്രവാസനകൾ വളർത്തുന്ന രീതിയിൽ ഞങ്ങളെ രണ്ടുതരം പൗരൻമാരാക്കിത്തിരിക്കാൻ പാടില്ല. ഈ പ്രമേയത്തെ എല്ലാ ഭാഗത്തുനിന്നും അനുകൂലിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ [ശ്രീ. മണിമംഗലത്തു കുട്ട്യാലി]

ശ്രീ. സി. ടി. കൃഷ്ണൻ : സർ, ശ്രീ. വാസുദേവമേനോൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. മാത്രമല്ല പ്രമേയത്തിൽ ''നിർദ്ദിഷ്ട

LIBRARY ARCHIVES Kerala Legislative Assembly

കോച്ചുഫാക്ടറി കേരളത്തിൽ'' എന്നതിനു ശേഷം ''പാലക്കാട്ട്'' എന്നു ചേർക്കുക എന്ന എന്റെ ഭേദഗതിയും ഞാൻ അവതരിപ്പിക്കുന്നു. പതിനായിരം ആളുകൾക്ക് പ്രത്യക്ഷമായും 30,000 ആളുകൾക്ക് പരോക്ഷമായും തൊഴിൽ ലഭിക്കാവുന്ന ഒരു സ്ഥാപനമാണ് റെയിൽവേ കോച്ച് ഫാക്ടറി. ആന്ധ്ര, മദ്ധ്യപ്രദേശ് പാലക്കാട്ടെ കഞ്ചിക്കോട് എന്നിവിടങ്ങളിലാണ് എക്സ് പെർട്ട് കമ്മിറ്റി കോച്ച്ഫാക്ടറി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ചത്. ആ എക്സ്പെർട്ട് കമ്മിറ്റി ശുപാർശ ചെയ്ത ഒരേ ഒരു സ്ഥലമാണ് പാലക്കാട്ടുള്ള കഞ്ചിക്കോട്. അവിടെ റെയിൽവേ കോച്ചു ഫാക്ടറി സ്ഥാപിക്കണമെന്നുള്ളതാണ്. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അത് സ്ഥാപിക്കാതിരിക്കാൻ ഒരു കാരണവും കാണുന്നില്ല. ശ്രീമാൻ മാണിക്ക് റെയിൽവേയുടെ ചാർജാണ്. ആ നിലയ്ക്കും മറുപടി പറയാൻ അർഹതയില്ല. ബഹുമാനപ്പെട്ട കെ. എം. മാണിയുടെ കേരളകോൺ ഗ്രസിന്റെ പാലക്കാട്ടെ ജില്ലാപ്രസിഡന്റ് ശ്രീമാൻ റപ്പായി ഞങ്ങളുടെ ഈ സമരത്തിൽ സഹകരിക്കുന്നുണ്ട്. ഇന്ന് വഴിതടയൽ സമരത്തിന്റെ മുൻ പന്തിയിൽ അവിടെ നിൽക്കുകയാണ്. പാലക്കാട്ട് സകല സ്ഥലത്തും ഇന്ന് വഴിതടയലാണ്. പതിരുപത് കേന്ദ്രങ്ങളിൽ വഴിതടയുന്നുണ്ട്. ഞങ്ങൾ കേരളവ്യാപകമായി ഇതിനെതിരെ ഒരു ബന്ത് സംഘടിപ്പിക്കണമെന്നാഗ്രഹിക്കുകയാണ്. പാലക്കാട്ട് അതിന്റെ ആദ്യപടിയായി വിവിധ സമരരൂപങ്ങൾ നടക്കാൻ പോകുന്നു. സത്യാഗ്രഹസമരം നടത്തി, പന്തം കൊളുത്തിപ്രകടനം നടത്തി. പ്രതിഷേധപ്രകടനങ്ങളും പൊതുയോഗങ്ങളും നടത്തി. ഇന്നു വഴി തടയൽ സമരമാണ്. ഇനി ഇതിനെതിരെ കേരള വ്യാപകമായി സമരം സംഘടിപ്പിക്കേണ്ടിവരും. ഞാൻ ചോദിക്കട്ടെ, എന്തുകൊണ്ടാണ് ഈ കോച്ചുഫാക്ടറി തരില്ലെന്നു പറഞ്ഞത്? പഞ്ചാബുകാർ റെയിൽവേ കോച്ച് ഫാക്ടറി ആവശ്യപ്പെട്ടില്ല. അവർ ആവശ്യപ്പെട്ടത് വേറെ പലതുമാണ്. പക്ഷേ ഇത് കപൂർത്തലയിലേക്ക് മാറ്റപ്പെട്ടുവെന്ന് ഈ അടുത്തദിവസം പത്രത്തിൽ കണ്ടു. ചോദിക്കാത്ത സ്ഥലത്തേക്ക് എന്തിന് കോച്ച് ഫാക്ടറി കൊടുക്കുന്നു? അവർ ചോദിച്ച കാര്യങ്ങൾ അനുവദിച്ചാൽ പോരെ. അവിടത്തെ ഒരു രാഷ്ട്രീയ പാർട്ടിയും കോച്ചുഫാക്ടറി ചോദിച്ചിട്ടില്ല. തീവ്രവാദി ഭിന്ദൻവാലപോലും റെയിൽവേകോച്ച് ഫാക്ടറി പഞ്ചാബിന് വേണമെന്നു പറഞ്ഞില്ല. കേരളക്കാരോടു, പാലക്കാട്ടുകാരോടുള്ള അവഗണന കൊണ്ടുമാത്രമാണ് ഈ ഫാക്ടറി അവിടെ നിന്നും മാറ്റാൻ പോകുന്നത്. കപ്പൽനിർമ്മാണകേന്ദ്രം നമുക്ക് എങ്ങനെയാണ് കിട്ടിയതെന്നറിയാമോ? അന്ന് പനമ്പിള്ളി ഗോവിന്ദമേനോൻ മാത്രമായിരുന്നു കേരളത്തിലെ എം. പി., ഭരണപക്ഷത്ത്, സഖാവ് എ. കെ. ജി. പ്രതിപക്ഷത്തായിരുന്നു. എ. കെ. ജി.യും പനമ്പിള്ളി ഗോവിന്ദമേനോനും കേരളത്തിലെ മറ്റു രാഷ്ട്രീയകക്ഷികളും യോജിച്ച് കേന്ദ്രത്തെ കിടിലം കൊള്ളിക്കുന്ന സമരപരിപാടികളും പ്രക്ഷോഭണങ്ങളും നടത്തി. യോജിച്ചു നിന്നതുകൊണ്ടാണ് കൊച്ചികപ്പൽനിർമ്മാണകേന്ദ്രം കേരളത്തിനു ലഭിച്ചത്. അതുപോലെ യോജിച്ചുനിന്നുകൊണ്ട് ഒരു പോരാട്ടം നടത്തേണ്ടതു ആവശ്യമാണ്. ഈ ഫാക്ടറി അവിടെ വേണമെന്നുള്ള ആവശ്യത്തിന്റെ പിന്നിൽ കേരളാകോൺഗ്രസിന്റെ നേതാക്കളും മറ്റുരാഷ്ട്രീയകക്ഷികളുമുണ്ട്, കോൺഗ്രസ് ഐയിലെ പല ആളുകളും വന്നിട്ടുണ്ട്. ഞാൻ മുഖ്യമന്ത്രിയെ പാലക്കാട്ടേക്ക് ക്ഷണിക്കുകയാണ്. ഞങ്ങളൊരു പൊതുയോഗം കോട്ടമൈതാനത്ത് സംഘടിപ്പിച്ചു കൊടുക്കാം, മൈക്കും ഏർപ്പാടു ചെയ്തു കൊടുക്കാം, പതിനായിരം ആളുകളേയും സംഘടിപ്പിച്ചുകൊടുക്കാം. പ്രിയപ്പെട്ട മുഖ്യമന്ത്രി ഒന്ന് അവിടെ വന്ന് പ്രസംഗിക്കണം. ഡിസംബറിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് കാലത്ത് പാലക്കാട്ടെ കോൺഗ്രസ് 'ഐ' സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പ് പ്രചരണയോഗത്തിൽ മുഖ്യമന്ത്രി പ്രസംഗിച്ച ഒരു വാചകമുണ്ട്. ആ വാചകം ഒന്ന് വന്ന് പ്രസംഗിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ അങ്ങനെ പ്രസംഗിച്ചില്ല എന്ന് ദൈവവിശ്വാസിയായ ഗുരുവായൂർ കേന്തനായ ശ്രീമാൻ കരുണാകരൻ സത്യപ്രതിജ്ഞ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. പാർലമെൻറിൽ പാലക്കാട് ജില്ലയിൽ നിന്ന് കോൺഗ്രസ് 'ഐ' സ്ഥാനാർത്ഥി ജയിച്ചു വന്നാൽ പാലക്കാട് ജില്ലയിലെ ജനങ്ങൾക്ക് ഇതാ ഒരു പുതുവൽസര സമ്മാനം. അതാണ് റെയിൽവേകോച്ച് ഫാക്ടറി. ഇത് മുഖ്യമന്ത്രി ശ്രീമാൻ കരുണാകരൻ പറഞ്ഞതാണ്. ഇന്ന് മന്ത്രിയായിരിക്കുന്ന ശ്രീ. കെ. ആർ. നാരായണൻ പറഞ്ഞതാണ്. അവിടത്തെ കോൺഗ്രസ് 'ഐ' നേതാവ് വിജയരാഘവൻ പറഞ്ഞതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : അത് വോട്ടിനുവേണ്ടി പറഞ്ഞതല്ലേ ?

ശ്രീ. സി. ടി. കൃഷ്ണൻ : അതേ. വോട്ടിനുവേണ്ടി പറഞ്ഞതാണോ എന്നറിയാൻവേണ്ടിയാണ് ചോദിക്കുന്നത്. വോട്ടിനുവേണ്ടി ജനങ്ങളെ കബളിപ്പിക്കുന്നതിന് പലതും പറയാൻ പാടില്ല. ഇപ്പോഴും കോൺഗ്രസ് 'ഐ' യ്ക്കുതന്നെ 13 എം. പി. മാരുണ്ട്, രേണമുന്നണിക്ക് ആകെ 17 എം. പി. മാരുണ്ട്. പ്രതിപക്ഷത്ത് മൂന്നു പേരെയുള്ളു. ആ മൂന്നുപേർ നിങ്ങളുടെ കൂടെ നിൽക്കാൻ തയ്യാറാണ്. ഇത്രയധികം കേന്ദ്രത്തിൽ സ്വാധീനം ചെലുത്താൻ രേണകക്ഷിക്ക് സാധ്യതയുള്ള അവസരത്തിൽ എന്തുകൊണ്ട് പാലക്കാട് ജില്ലയ്ക്ക് ഇത് അനുവദിച്ചുകൂടാ? അനേകംപേർക്ക് തൊഴിൽ കിട്ടുന്നതാണ്. 2,543,000 ആളുകളെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ ജോലിക്കുവേണ്ടി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് തൊഴിൽവകുപ്പുമന്ത്രി എഴുതിയിരുന്ന കണക്കിൽ പറയുന്നത്. അതുകൊണ്ട് അവരുടെ തൊഴിലില്ലായ്മ പരിഹരിക്കണം. കെ. എസ്. യു.ക്കാരും എസ്. എഫ്. ഐ.ക്കാരും വിദ്യാർത്ഥികളും യുവാക്കളുമെല്ലാം തൊഴിലിനുവേണ്ടി അലയുകയാണ്. അതിനുവേണ്ടിയാണ് പഠിക്കുന്നത്. കേരളത്തെ അവഗണിക്കരുത്. സൈലൻറുവാലി പാലക്കാട് ജില്ലയ്ക്കു തന്നില്ല. കുരിയാർകുറ്റി കാരപ്പാറ അനുവദിച്ചില്ല. അപ്പോളോ ടയർ ഫാക്ടറി അനുവദിച്ചില്ല. കോടിക്കണക്കിനുരൂപ ചെലവാക്കാനുള്ള പദ്ധതി ആരംഭിച്ചതാണ്. നായനാർ ഗവൺമെൻറ് അതിന് തുടക്കമിട്ടതാണ്. സർവ്വകക്ഷിയും ഒരുമിച്ചു നിന്ന് വാദിക്കണം. ഇത്രയും പ്രധാനപ്പെട്ട, പാലക്കാടുജില്ലയുടേയും കേരളത്തിൻെറയും വികസനത്തിന് പര്യാപ്തമായിട്ടുള്ള, തൊഴിലില്ലായ്മ അൽപ്പമെങ്കിലും പരിഹരിക്കാൻ കഴിയാവുന്ന ഈ കോച്ച് ഫാക്ടറി പാലക്കാട്ടു തന്നെ സ്ഥാപിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. പി. വിജയദാസ് : സർ, പ്രമേയത്തിൽ "കേന്ദ്ര ഗവൺമെൻറിനോട്" എന്നതിന് ശേഷം "ഈ സഭ ഏകകണ്ഠമായി" എന്ന് കൂട്ടിച്ചേർക്കുക എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ലോനപ്പൻനമ്പാടൻ : സർ, പ്രമേയത്തിൽ "ഈ സഭയ്ക്കുള്ള" എന്നതിനുശേഷം "ശക്തിയായ" എന്ന് കൂട്ടിച്ചേർക്കുക എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : സർ, പ്രമേയത്തിൽ "സ്ഥാപിക്കണമെന്ന്" എന്നതിന് പകരം "സ്ഥാപിക്കണമെന്നും അതിൻെറ പ്രാരംഭ പ്രവർത്തനങ്ങളും ഉടൻ തന്നെ ആരംഭിക്കണമെന്നും" എന്നു കൂട്ടിച്ചേർക്കുക എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പന്തളം സുധാകരൻ : സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. ഞാൻ ഇതിനെ എതിർക്കുന്നു എന്നു പറഞ്ഞത് കേരളത്തിൽ ഒരു കോച്ചുഫാക്ടറി സ്ഥാപിക്കുന്നതിന് എതിരാണ് എന്ന അർത്ഥത്തിലല്ല. പകരം.....

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വളരെ വ്യക്തമായി പറഞ്ഞതാ ബഹുമാന്യനായ വാസുദേവമേനോൻ അവതരിപ്പിച്ച പ്രമേയത്തെ എതിർക്കുന്നു എന്നാണ്. കാരണം ഒന്നാമതായി കേരളത്തിൽ അനുവദിച്ച കോച്ചുഫാക്ടറിയാണ് പഞ്ചാബിലേക്കു കൊണ്ടു പോയി സ്ഥാപിച്ചിരിക്കുന്നത് എന്നുള്ള പരാമർശം അടിസ്ഥാനരഹിതമാണ്. കാരണം കേരളത്തിൽ കോച്ചുഫാക്ടറി അനുവദിച്ചതായി പത്രങ്ങളിലൂടെയുള്ള റിപ്പോർട്ടല്ലാതെ ഔദ്യോഗികമായി യാതൊരറിവുമില്ല. പശ്ചിമബംഗാളിലുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാരേക്കാൾ ഏകദേശം പകുതിയുള്ള കേരളത്തിൽ ഒരു കോച്ചുഫാക്ടറിയല്ല, എല്ലാ ജില്ലയിലും ഓരോ കോച്ചുഫാക്ടറി സ്ഥാപിക്കണമെന്ന കാര്യത്തിൽ ശക തിയായ അഭിപ്രായമുള്ളവരാണ് ഞങ്ങൾ. ഒന്നാമതായി ഇതിലുള്ള ഒരു ദുസൂചന വ്യവസായസ്ഥാപനങ്ങൾ കേരളത്തിൽ അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്രം കേരളത്തെ അവഗണിക്കുന്നു എന്നുള്ളതാണ്. നമുക്കെല്ലാമറിയാം ഇന്ത്യയിൽ ഏറ്റവും വലിയ വ്യവസായസ്ഥാപനം എന്നു പറയുന്ന മഹാരാഷ്ട്ര വളരെ ശക്തമായ സമ്മർദ്ദം ചെലുത്തിയിട്ടുപോലും കാപ്രോലാക്ടം പ്ലാൻറ് അനുവദിച്ചത് കേരളത്തിനാണ്. അതുപോലെ പയ്യന്നൂർ മെമ്പറുടെ നിയോജകമണ്ഡലത്തിൽ അനുവദിച്ചിരിക്കുന്ന ഏഴിമല നേവൽ അക്കാഡമി എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കാമെന്നു പറഞ്ഞ് തമിഴ്നാട് സർക്കാരിൽ നിന്നും സമ്മർദ്ദമുണ്ടായിട്ടുപോലും അത് അനുവദിച്ചത് ഏഴിമലയിലാണ്. നമ്മുടെ ആരാധ്യയായ മുൻപ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ഉൽഘാടനം ചെയ്ത സതേൺ എയർ കമാൻഡും തിരുവനന്തപുരത്താണ് സ്ഥാപിച്ചിരിക്കുന്നത്. അതുപോലെ കേന്ദ്രഗവൺമെൻറിൻെറ പൂർണ്ണമായ സഹായസഹകരണത്തോടുകൂടി കോട്ടയം ജില്ലയിൽ ആരംഭിച്ചിരിക്കുന്ന വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയുണ്ട്. ഇങ്ങനെ എത്രയെത്ര എണ്ണപ്പെട്ട വ്യവസായസ്ഥാപനങ്ങൾ കേരളത്തിന് അനുവദിച്ചിട്ടുണ്ടെന്നുള്ള കാര്യം നാം വിസ്മരിക്കരുത്. ഏറ്റവുമധികം വിദ്യാഭ്യാസമുള്ള തൊഴിലില്ലാത്ത ചെറുപ്പക്കാരുള്ള ഒരു സംസ്ഥാനത്ത് തീർച്ചയായിട്ടും കോച്ച് ഫാക്ടറി വേണം. പ്രത്യേകിച്ചും ബഹുമാനപ്പെട്ട വാസുദേവമേനോൻ പറഞ്ഞതിനോട് ഞാൻ പൂർണ്ണമായിട്ടും യോജിക്കുകയാണ്. സ്വാതന്ത്ര്യസമരകാലത്ത് സ്വാതന്ത്ര്യസമരസേനാനികളെ ജയിലിലേക്ക് കൊണ്ടുപോകാൻ ഉപയോഗിച്ച കോച്ചുകളിലാണ് നമ്മുടെ എം. എൽ. എ.മാർ ഉൾപ്പെടെയുള്ള ആളുകൾ തിരുവനന്തപുരത്തുനിന്നും മലബാറിലേക്ക് യാത്ര ചെയ്യുന്നത്. മലബാർ എക്സ്പ്രസിന് 40 വർഷക്കാലത്തെ പഴക്കമുണ്ട്. ആ സ്ഥിതിയ്ക്ക് തീർച്ചയായിട്ടും ഇന്ത്യൻറെയിൽവേയ്ക്ക് മതിയായ കോച്ച് ഇപ്പോൾ തന്നെ നിർമ്മിക്കുവാനാവശ്യമായ ഫാക്ടറികൾ ഇല്ലാത്ത സാഹചര്യത്തിൽ ഏറ്റവും കൂടുതൽ റെയിൽവേ ഉപയോഗിക്കുന്ന പാസഞ്ചേഴ്സ് ഉള്ള ഒരു സംസ്ഥാനം എന്നുള്ള നിലയിൽ കേരളത്തിൽ കോച്ച് ഫാക്ടറി ഉണ്ടാക്കുന്നതിനുവേണ്ടി ബഹുമാന്യനായ മുഖ്യമന്ത്രിയും സംസ്ഥാനഗവൺമെൻറും കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സമ്മർദ്ദം ചെലുത്തണമെന്നഭ്യർത്ഥിച്ചു കൊണ്ട് ഈ പ്രമേയത്തെ പരിപൂർണ്ണമായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ശ്രീ. വാസുദേവമേനോൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായി പിൻതാങ്ങുകയാണ്. കേരളത്തിൽ ഒരു കോച്ചുഫാക്ടറി ആരംഭിക്കുവാൻ പോവുന്നു എന്ന് ദീർഘകാലമായി നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ കേൾക്കാൻ തുടങ്ങിയതാണ്. എന്നാൽ ഇപ്പോൾ ആ ചിരകാലസ്വപ്നം വാടിക്കൊഴിയാൻ പോകുന്നു എന്ന അങ്കലാപ്പിലാണ് കേരളത്തിലൊട്ടാകെ ഉള്ള ജനങ്ങൾ അങ്ങനെ ഉത്കണ്ഠയിൽ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിലാണ് രേണുകക്ഷിയായ ഇന്ദിരാകോൺഗ്രസ്സിന്റെ മനസ്സിലിരിപ്പ് എന്താണ് എന്ന് പ്രകടിപ്പിച്ചത്. ഇതിനെക്കുറിച്ച് കൂട്ടിയും കൊട്ടിയും തിരിയാത്ത ശ്രീ. പന്തളം സുധാകരനെ കോച്ച് ഫാക്ടറിക്ക് എതിരായി പ്രസംഗിക്കാൻ കോൺഗ്രസുകാർ ഏൽപ്പിച്ചത് എന്തിനാണെന്ന് ഇപ്പോഴും മനസ്സിലായി. എന്തായാലും കോച്ച് ഫാക്ടറിയെ സംബന്ധിച്ചിടത്തോളം ഉള്ള ആവശ്യം ഇന്നു തുടങ്ങിയതല്ല. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ റെയിൽവേയോട് ബന്ധപ്പെട്ട മറ്റൊരു വ്യവസായമേഖലയും ഇല്ല എന്നുള്ളതുകൊണ്ട് നമുക്ക് ഒരു വർക്കുഷോപ്പ് നേരത്തേ അനുവദിച്ചിരുന്നു, ആ വർക്ക് ഷോപ്പ് ആന്ധ്രായിലേക്ക് മാറുന്ന അവസരത്തിൽ കേന്ദ്ര ഗവൺമെന്റ് തന്നെ കേരളത്തോട് ഉറപ്പ് നൽകിയിരുന്ന ഒരു കാര്യമാണ് നിങ്ങൾക്ക് കോച്ച് ഫാക്ടറി ഉണ്ടാകും, കോച്ച് ഫാക്ടറി നൽകുമെന്ന്. അതിനുവേണ്ടി സ്ഥലം നിർണ്ണയിക്കാൻ ഉള്ള കമ്മിറ്റി കേരളത്തിൽ വരികയുണ്ടായി. സ്ഥലം നിർണ്ണയിച്ചുകൊണ്ടുള്ള കമ്മിറ്റി മുഖ്യമായും പറഞ്ഞ മൂന്നു നാല് കാര്യങ്ങൾ (1) അതിസുരക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം, മറ്റൊന്ന് ഈ വ്യവസായം ആരംഭിക്കാനാവശ്യമായ എല്ലാ വിധ ഭൗതിക സാഹചര്യവും ഇന്ന് കേരളത്തിൽ ഉണ്ട്. വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ തൊഴിലാളികളെ ഇഷ്ടം പോലെ കിട്ടാൻ വേണ്ട സാദ്ധ്യതയുണ്ട്. അതോടൊപ്പം തന്നെ ആണ്ടോടാണ്ട് യാതൊരു പ്രയാസവും ഇല്ലാതെ ഇതിനാവശ്യമായ ഇലക്ട്രിസിറ്റി ലഭിക്കും. ഈ നാല് കാരണങ്ങൾ കൊണ്ട് കേരളത്തിലെ പാലക്കാട് ജില്ലയിൽ ഉള്ള കഞ്ചിക്കോട് ഇത് സ്ഥാപിക്കാമെന്ന് ഉള്ള ശുപാർശ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കുകയുണ്ടായി. അങ്ങനെ ഇത് വരും എന്ന പ്രതീക്ഷയിൽ കഴിയുമ്പോഴാണ് ഇപ്പോൾ ഒരു പ്രസ്താവന കാണാനിടയായത്. കോച്ചുഫാക്ടറി പഞ്ചാബിൽ സ്ഥാപിക്കുന്നു എന്ന് പഞ്ചാബിന് ഒരു കോച്ച് ഫാക്ടറി കൊടുക്കുന്നതിൽ ഞങ്ങളാരും എതിരല്ല. പഞ്ചാബിന് ഇനിയും പലതും കൊടുക്കട്ടേ, പക്ഷേ പഞ്ചാബിൽ ആവശ്യമായിരുന്നതൊന്നും നൽകാതെ അത് കൊടുക്കാൻ കാലതാമസം വരുത്തിയതാണ് ഇത്രയേറെ ദുരുദ്യോഗം വരുത്തിവെച്ചത്. ഇപ്പോൾ ആ പ്രശ്നം പരിഹരിക്കാൻ ഇടയായി.

ശ്രീ. കെ. കൃഷ്ണൻകുട്ടി : പഞ്ചാബ് കോച്ച് ഫാക്ടറി ആവശ്യപ്പെട്ടിട്ടേയില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : പഞ്ചാബ് കോച്ച് ഫാക്ടറി ആവശ്യപ്പെട്ടിട്ടില്ല, പഞ്ചാബ് ആവശ്യപ്പെട്ടത് തലസ്ഥാനമായിരുന്നു? അവരുടെ നദീജലപ്രശ്നമായിരുന്നു, അവരുടെ ഭാഷയുടെ പ്രശ്നമായിരുന്നു. ഇതിനൊക്കെ പരിഹാരം കാണുന്നതിനു പകരം കോച്ച് ഫാക്ടറി കൊടുത്തതുകൊണ്ട് പ്രശ്നം പരിഹരിച്ചില്ല, അവസാനം അവരാവശ്യപ്പെട്ടതുതന്നെ കൊടുക്കേണ്ടിവന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത് ഒറ്റപ്പെട്ട സംഭവമാണോ? കഴിഞ്ഞ കാലത്തെ ഇടതുപക്ഷജനാധിപത്യമുന്നണിയും കേന്ദ്രത്തിലെ ജനതയുടെ ഗവൺമെന്റും അവരൊക്കെ താല്പര്യമെടുത്തതുകൊണ്ടാണ് കേരളത്തിന് ഇങ്ങനെയൊരു കോച്ചുഫാക്ടറി കൊടുക്കുമെന്ന് പ്രഖ്യാപിച്ചത്. ഇവിടെ റെയിൽവേയെ സംബന്ധിച്ച പ്രധാന വ്യവസായങ്ങളൊക്കെയുണ്ട് എന്ന് പറയാൻ കഴിയുമോ? ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ആന്ധ്രായിൽ അഞ്ച് വർക്ക് ഷോപ്പുകളുണ്ട്, കർണ്ണാടകയിൽ 2 വർക്ക് ഷോപ്പുകളുണ്ട്, തമിഴ് നാട്ടിൽ രണ്ട് വർക്ക് ഷോപ്പുകളുണ്ട്, കേരളത്തിൽ ഉണ്ടോ ? അതിന്റെയൊക്കെ അടിസ്ഥാനത്തിൽ കോച്ച് ഫാക്ടറിക്ക് കേരളത്തിൽ അർഹതയുണ്ട്. എന്നുള്ളതുകൊണ്ടാണ് അത് കേരളത്തിൽ നൽകുമെന്നു പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു കാര്യംകൂടി പറഞ്ഞോട്ടേ, ശവത്തിൽ കുത്തരുത് എന്ന് ഞാൻ ഈയവസരത്തിൽ പറയുകയാണ്. എന്തെങ്കിലും പറഞ്ഞാൽ അത് കേന്ദ്ര വിരുദ്ധമാക്കി കേന്ദ്രവിരുദ്ധത്തിന്റെ മറവിൽ നടപടികളെടുക്കാൻ താല്പര്യ മുള്ളവർ ഇവിടെ കുറേ പേരുണ്ട്. പക്ഷേ വടക്കുകിഴക്കൻ മേഖലകളി ലൊട്ടൊക്കെ ഒരു അഗ്നിഗോളംപോലെ പുകഞ്ഞുകൊണ്ടിരിക്കുന്നത് ഇത്തര ത്തിലുള്ള അടിച്ചമർത്തലിന്റെയും അവഹേളനയുടേയും ഫലമായാണ് എന്ന് മനസ്സിലാക്കാൻ ഭരണാധികാരികൾ തയ്യാറാകണം. പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം സൈലന്റ് വാലിയും കരിയാർകുറ്റിയും നഷ്ട പ്പെട്ടതുമാത്രമല്ല ദീർഘകാലമായി തൊഴിലില്ലായ്മയ്ക്ക് തെല്ലൊരാശ്വാസം ഉണ്ടാകും എന്നു പ്രതീക്ഷിച്ച അപ്പോളോ ടയർ ഫാക്ടറി നമ്മുടെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ തൃശ്ശൂരിലേക്ക് തട്ടിയില്ലേ? അതുപോലെ മലബാർ സിമൻറിന്റെ അനുബന്ധവ്യവസായമായ പൈപ്പ് ഫാക്ടറി ഉണ്ടാകും എന്നു പറഞ്ഞു. അത് എവിടെ പോയി? ഇങ്ങനെ നാടിനുനാടും ഓരോ ന്നോരോന്നായി നിഷേധിക്കുകയാണ്. അതുകൊണ്ട് കോച്ചുഫാക്ടറി അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ജനങ്ങളുടെ അണപൊട്ടിയൊഴുകിയ സമരാവേശത്തോടെ ഇന്ന് പാലക്കാട് ജില്ലയിൽ വഴി തടയൽ സമരത്തിലൂടെ നടത്തുകയാണ്. എന്തെല്ലാം ഇതിനുവേണ്ടി സഹിക്കേണ്ടിവന്നാലും ത്യജി ക്കേണ്ടിവന്നാലും കേരളത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കാൻ ഒന്നിച്ച് മുന്നോട്ട് പോകാൻ ഭരണകക്ഷി പ്രതിപക്ഷം അടക്കം കൈകോർത്തു പിടിച്ചി രിക്കുന്നു. അത് ഇവിടേയും പ്രതിഫലിക്കണം. ഇത് അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. വി. ജോസഫ് : പാലക്കാട് ഒരു കോച്ച് ഫാക്ടറി ആരംഭി ക്കണമെന്നുള്ള അഭിപ്രായത്തോട് ഞാൻ തത്വത്തിൽ യോജിക്കുകയാണ്. ഇൻഡ്യയിൽ കോച്ച് ഫാക്ടറികൾ ഇനി വളരെയേറെ ആവശ്യമാണ്. ആ നിലയിൽ പാലക്കാട് ആണ് കോച്ച് ഫാക്ടറി സ്ഥാപിക്കുവാൻ പററിയ സ്ഥലമെന്ന് വിദഗ്ദ്ധൻമാർ നിർദ്ദേശിച്ച നിലയ്ക്ക് അവിടേയും ഒരു കോച്ച് ഫാക്ടറി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. പാലക്കാട് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന കോച്ച് ഫാക്ടറി പഞ്ചാബിലേക്ക് മാററിയത് രാഷ്ട്രീയമായ കാരണങ്ങളാലാണ് അങ്ങനെ വന്നത് എന്നാണ് പറയുന്നത്, രാഷ്ട്രീയമായ കാരണങ്ങൾ എന്താണ് എന്ന് നമുക്ക് അറിയാം, അതിലുണ്ടായ സംഭവവികാസങ്ങളുടെ അടിസ്ഥാന ത്തിലാണ് നൽകിയത്. എന്നാൽ കേരളത്തിലെ ജനങ്ങൾ നിരുപദ്രവികളും മിണ്ടാപ്രാണികളും ആണ് എന്നുള്ളതുകൊണ്ട് നമുക്ക് ഫാക്ടറികൾ തരാതിരിക്കുന്നത് ശരിയല്ല, അത് ക്രൂരമാണ് എന്നാണ് എനിക്ക് പറയാനു ള്ളത്.

മദ്രാസിൽ ഇൻറഗ്രൽ കോച്ച് ഫാക്ടറി അനുവദിച്ചു. അവിടേയും ഒരു രാഷ്ട്രീയസാഹചര്യമാണുണ്ടായത്. ഡി. എം. കെ. സ്വതന്ത്ര തമിഴകത്തിനു വേണ്ടിയൊക്കെ വാദിച്ച അവസരത്തിലാണ് മദ്രാസിൽ അനുവദിച്ചത്. എന്നാൽ തെക്കേ ഇൻഡ്യ എന്നു പറഞ്ഞാൽ അത് മദ്രാസു കൊണ്ട് അവസാനിക്കുന്നില്ല എന്ന ചിന്താഗതി പുലർത്തുന്നത് നന്നായിരിക്കും. കരയുന്ന കുഞ്ഞിനേ പാലുള്ളൂ എന്നു പറയാറുണ്ട്. എന്നാൽ ഇവിടെ വഴക്കുണ്ടാക്കുന്ന കുഞ്ഞി നേ പാലുള്ളു എന്ന സ്ഥിതി വരുന്നത് ഒരിക്കലും ഭൂഷണമല്ല. പൊതു മേഖലാസ്ഥാപനങ്ങളുടെ മുതൽമുടക്ക്—സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം കോടിക്കണക്കിന് രൂപ ഈ മേഖലയിൽ മുടക്കിയിട്ടുണ്ട്. പക്ഷേ ആനുപാതി കമായിട്ട് നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ട വിഹിതം കിട്ടിയിട്ടില്ല എന്നു ള്ളതിൽ നമുക്കാർക്കും അഭിപ്രായവ്യത്യാസമില്ല. ലക്ഷക്കണക്കിന് യുവാക്കൾ ജോലി അന്വേഷിച്ച് കേരളത്തിലൊട്ടാകെ ഇന്നു പരക്കം പായുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ തന്നെ നാല് ഡ്രൈവർമാരുടെ പോസ്റ്റിലേക്ക് ഈയിടെ അപേക്ഷ ക്ഷണിക്കുകയുണ്ടായി. ഏകദേശം നാലായിരം പേർ അപേക്ഷ കൊടുത്തു. അവരുടെ ഇൻറർവ്യൂവും നടക്കുകയുണ്ടായി. അത് കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മയുടെ ഒരു പ്രതിഫലനമാണ്. നാല് ഡ്രൈവർമാരുടെ ഒഴിവിലേക്ക് നാലായിരം പേർ അപേക്ഷ സമർപ്പിക്കുകയും അതിന് ശുപാർശയുമായി കയറിയിറങ്ങുകയും ചെയ്ത സ്ഥിതി വിശേഷം രൂക്ഷമായ തൊഴിലില്ലായ്മയുടെ പ്രതിഫലനമാണ്. ജോലി കിട്ടാത്ത നമ്മുടെ യുവജനങ്ങൾ മദ്യത്തിനും, വീഡിയോക്കും, മയക്കുമരുന്നിനും, കാബറേക്കും വിധേയരായി അലഞ്ഞു തിരിയുന്നു. നമ്മുടെ സംസ്ഥാനത്ത് പൊതുമേഖലാസ്ഥാപനങ്ങൾ ഉണ്ടാക്കാൻ പണമില്ല, അതേ സമയം കേന്ദ്രം നമുക്ക് അനുകൂലമായി നൽകേണ്ടത് ഒരു വസ്തുതയാണ്. ഒരാളിന്റെ ഭാര്യ മരിച്ചാൽ ചില ആളുകൾ രണ്ടാം വിവാഹം കഴിക്കും. അങ്ങനെ രണ്ടാം വിവാഹം കഴിച്ച് അതിൽ കുട്ടികൾ ഉണ്ടായാൽ ആദ്യത്തെ വിവാഹത്തിലെ കുട്ടികളുടെ കഷ്ടകാലം ആരംഭിക്കുകയാണ്. ഈ രണ്ടാനമ്മ ആദ്യത്തെ കുട്ടികളോട് മോശമായ രീതിയിൽ പെരുമാറുന്നു. പൊതു മേഖലാസ്ഥാപനങ്ങളുടെ കാര്യത്തിൽ ഇങ്ങനെയൊരു രണ്ടാനമ്മ നയം നമ്മുടെ സംസ്ഥാനത്തോട് സ്വീകരിക്കുന്നില്ലേ എന്നുപോലും സംശയിക്കേണ്ട ഒരു സ്ഥിതിവിശേഷമുണ്ട്. ഇതിനൊരു മാറ്റം വരുത്താൻ ഇനിയും കൂടുതൽ കോച്ച് ഫാക്ടറികൾ നമ്മുടെ സംസ്ഥാനത്തിന് ആവശ്യമാണ്, ഇൻഡ്യക്കാവശ്യമാണ്. രാഷ്ട്രീയമായ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ അത് നമുക്ക് ലഭിച്ചിട്ടില്ല. ഇതിന് പാലക്കാട് ഏറ്റവും പറ്റിയ സ്ഥലമാണെന്ന് വിദഗ്ദ്ധ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അങ്ങനെ അതിന് പറ്റിയ സ്ഥലമെന്നുള്ള നിലയിൽ കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മക്ക് പരിഹാരമെന്ന നിലയിൽ പാലക്കാട് കൂടി ഒരു കോച്ച് ഫാക്ടറി ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. സി. കബീർ : ശ്രീ. വാസുദേവമോനാൻ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. പാലക്കാട് ഇന്ന് ബഹുജനസമരം നടക്കുകയാണ്. പാലക്കാട്ടെ എല്ലാ വഴികളും ഇന്ന് കക്ഷിഭേദമന്യേ കോൺഗ്രസ്-ഐ-യിലെ ആളുകളൊഴികെ ബാക്കി എല്ലാ ആളുകളും രംഗത്തിറങ്ങി, എല്ലാ റോഡുകളും ഇന്ന് ഉപരോധിച്ചിരിക്കുകയാണ്. പാലക്കാട്ടെ സ്കൂളുകളും കോളേജുകളും ഒന്നുംതന്നെ ഇന്ന് പ്രവർത്തിക്കുന്നില്ല. അവിടെ ബന്തിനോടൊപ്പംതന്നെ ഇന്നു കോച്ചു ഫാക്ടറിക്ക് വേണ്ടിയുള്ള സമരവും നടത്തുകയാണ്. എം. എൽ. എ. മാർ മാത്രമല്ല, ഇത് എല്ലാപേരുടേയും ഒരവകാശമാണ്, ഈ അവകാശത്തിൽ മലബാറും തിരുവിതാംകൂർ-കൊച്ചി എന്നുള്ള തർക്കമൊന്നും ഇതിനില്ല, ഇതിനുവേണ്ടി നാം ഒന്നിച്ച് ശബ്ദമുയർത്തണം.

തെരഞ്ഞെടുപ്പുകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാലക്കാട് വന്നിരുന്നു. പല പൊതുയോഗങ്ങളിലും മുഖ്യമന്ത്രി അവിടെ പ്രസംഗിച്ചു. ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ നിങ്ങൾക്ക് ഞാൻ ഒരു സമ്മാനം തരുമെന്ന് പാലക്കാട്ടേയും ഒറ്റപ്പാലത്തേയും ജനങ്ങളോട് അദ്ദേഹം പറഞ്ഞു. ആരോ ചോദിച്ചു എന്താണ് സമ്മാനമെന്ന് ? മുഖ്യമന്ത്രി പറഞ്ഞു കോച്ച് ഫാക്ടറി തന്നെയെന്ന്. അങ്ങനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചത് ഞാൻ കേട്ടതാണ്. അദ്ദേഹം അങ്ങനെ ഒറ്റപ്പാലത്ത് പ്രസംഗിച്ചിട്ടില്ല എന്നു ഗുരുവായൂരപ്പനെ വിളിച്ച് സത്യം ചെയ്യട്ടേ ഞാൻ പിൻവലിക്കാം. എന്നിട്ട് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ആടിന്റെ മുമ്പിൽ പച്ചില കാണിക്കുന്നതുപോലെ വോട്ടർമാരുടെ മുമ്പിൽ പച്ചില കാണിച്ച് പാലക്കാട്ടുകാരുടെ വോട്ടും

LIBRARY ARCHIVES Kerala Legislative Assembly

തട്ടിവന്നശേഷം ഞങ്ങൾക്കു കോച്ചു ഫാക്ടറിയുമില്ലാത്ത സ്ഥിതിയാണ്. ഇതിനെതിരെ ശബ്ദമുയർത്താൻ മുഴുവൻ ജനങ്ങളും ഉണ്ടാകണം. ഇതിൽ രാഷ്ട്രീയം കാണരുത്. കോൺഗ്രസ് ഐ-ക്കാർ ഇതിനകത്ത് വിലങ്ങുതടിയായി നിൽക്കുകയാണ്. ശ്രീ. പന്തളം സുധാകരൻ ഇവടെ പറഞ്ഞു കുട്ടിക്കുരങ്ങിനെക്കൊണ്ട് ചുടുചോറ് മാന്തിക്കുന്നതുപോലെയാണ് എന്ന്. ശ്രീ. പന്തളം സുധാകരനപ്പോലുള്ള ആളുകൾ യുവജനങ്ങൾക്കുവേണ്ടി വാദിക്കുന്നവരാണ്. നിങ്ങൾ യുവജനങ്ങൾക്കുവേണ്ടി വാദിക്കുന്നവരാണ് എങ്കിൽ നമ്മുടെ സംസ്ഥാനത്തെ തൊഴിലില്ലാത്ത സഹോദരങ്ങളെ സഹായിക്കുന്നതിനുവേണ്ടി നിങ്ങളും എന്തുകൊണ്ട് ഞങ്ങളുടെകൂടെ നിന്ന് ശബ്ദമുയർത്തുന്നില്ല ? പാലക്കാട്ട് തീ എരിയുകയാണ്. അതുകൊണ്ടു ഞങ്ങൾക്ക് പറയാനുള്ളത് സിമൻറ് ശാലയോടനുബന്ധിച്ചുള്ളതെല്ലാം ആസ്ബസ്റോസ് പ്രീമോ പൈപ്പിൻെറ ഉപഘടകങ്ങളെല്ലാം വാളയാറിൽനിന്നും കൊണ്ടുപോയി. അതുപോലെതന്നെ നേരത്തേ അപ്പോളോ ടയർ ഫാക്ടറി കൊണ്ടുപോയതിനെക്കുറിച്ച് ചില സുഹൃത്തുക്കൾ ഇവിടെ പറഞ്ഞു, ഞാൻ അത് ആവർത്തിക്കുന്നില്ല. പാലക്കാട്ടുകാർക്ക് എന്തെങ്കിലും കിട്ടാൻ നേരത്ത് അത് കൈയിട്ടുവാരുകയാണ് ഇതിനെതിരെ ശബ്ദമുയർത്താതെ വയ്യ. ഞാൻ പാലക്കാട്ടുകാരുടെ കാര്യം മാത്രമല്ല, നമ്മുടെ സംസ്ഥാനത്തിൻെറകൂടെ കാര്യമാണ് പറഞ്ഞത്. ഇവിടത്തെ കോച്ചുകൾ കണ്ടിട്ടില്ലേ ? മൂട്ടയും പേനും കൊതുകും നിറഞ്ഞ് വെള്ളം ഒലിക്കുന്ന കോച്ചുകളിലാണ് നിങ്ങളും ഞാനും ഇന്ന് യാത്ര ചെയ്യുന്നത്. ചിലപ്പോൾ കുട പിടിച്ചാണ് നമ്മൾ തീവണ്ടിയിൽ യാത്ര ചെയ്യുന്നത്. രണ്ടും മൂന്നും എം. എൽ. എ. മാർ ഒരു ബർത്തിൽ കിടക്കേണ്ട സാഹചര്യങ്ങൾ നമുക്കു പലപ്പോഴും ഉണ്ടായിട്ടുണ്ട്. ഇവിടെ കോച്ചുകൾ ധാരാളം വേണം. മുഖ്യമന്ത്രിക്കു തീവണ്ടിയിൽ യാത്ര ചെയ്യേണ്ട ആവശ്യമില്ല. പറക്കുന്ന കാറുകൾ ഉണ്ടല്ലോ! അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് എല്ലാനിലക്കും അനുയോജ്യമായ ഇലക്ട്രിസിറ്റി, അനേകം ഹൈഡ്രോ സ്ഥലം, ഇഷ്ടംപോലെ വെള്ളം, ഇങ്ങനെ എല്ലാ സൗകര്യങ്ങളും ഉള്ളതും കേന്ദ്ര ഉദ്യോഗസ്ഥൻമാർക്ക് വന്നു പോകാൻ പറ്റിയ കോയമ്പത്തൂർ വിമാനത്താവളംവരെ സമീപത്തുള്ള പാലക്കാട്ടെ കഞ്ചിക്കോട്ടുതന്നെ നിർദ്ദിഷ്ടമായ കോച്ച്ഫാക്ടറി അനുവദിക്കണം. അത് പഞ്ചാബിന് കൊടുത്തു എന്നുള്ളത് ഒരു പരിഹാരമേയല്ല, ഒരു കോച്ച് ഫാക്ടറി കേരളത്തിന് അവകാശപ്പെട്ടത് പാലക്കാട് കഞ്ചിക്കോടുതന്നെ സ്ഥാപിക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. സി. ജി. ജനാർദ്ദനൻ : സർ, ഞാൻ ഈ പ്രമേയത്തിൻെറ തത്വത്തോട് യോജിക്കുകയും മാർഗ്ഗത്തോട് വിയോജിക്കുകയും ചെയ്യുന്നു. നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി അതിപ്രധാനമായ ഒരു പ്രശ്നം പരിഹരിക്കുന്നതിന് രാഷ്ട്രീയമായ ഒരു തീരുമാനമെടുത്താൽ ആ തീരുമാനം രാഷ്ട്രീയകാരണം ആക്കിയെടുത്ത് പിൻതാങ്ങിയാൽ നമ്മെ പല രീതിയിലും സഹായിച്ചുകൊണ്ടിരുന്ന പ്രധാനമന്ത്രിയുടെ കരങ്ങൾക്ക് ശക്തി കൂട്ടാൻ അത് പ്രയോജനപ്പെടും. കേരളത്തിൽ കോച്ചുഫാക്ടറി വരണമെന്നുള്ള ആവശ്യത്തോട് ഒരാളും വിയോജിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ആ കോച്ച് ഫാക്ടറി കേരളത്തിലെ പാലക്കാട്ട് ജില്ലയിൽ കൊണ്ടുവരണമെന്നാണ് പറയുന്നത്. നേരത്തെ വിദഗ്ദ്ധസംഘം കണ്ടുപിടിച്ചതിനേക്കാൾ പ്രാധാന്യമേറിയ വള്ളുവനാട് താലൂക്കിൽ വാടാനാംകുറിശ്ശി ദേശത്ത്, ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിൻെറയും ശ്രീ. ഇസ്മയിലിൻെറയും നിയോജകമണ്ഡലത്തിൽ, ഇതിനേക്കാൾ അധികം ദരിദ്രരുള്ള, തൊഴിലില്ലാത്തവരുള്ള ആ പ്രദേശത്ത് സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രമേയത്തിൻെറ മാർഗ്ഗത്തോട് വിയോജിക്കുകയും അതിൻെറ ലക്ഷ്യത്തോട് ഞാൻ യോജിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. കേരള സംസ്ഥാനത്തിന് വ്യാവസായിക സ്ഥാപനങ്ങൾ അനുവദിച്ചു നൽകുന്ന കാര്യത്തിൽ ആയാലും, ഏതെങ്കിലും മുതൽമുടക്ക് നടത്തുന്ന കാര്യത്തിലായാലും കേന്ദ്ര ഗവൺമെൻറ് ഇന്നോളം സ്വീകരിച്ചിട്ടുള്ള നിലപാട് നമ്മളെ തീരെ അവഗണിച്ചുകൊണ്ടുള്ളതാണ്. ഏതെങ്കിലും രീതിയിൽ ചില പ്രത്യേക പരിഗണനകൾ ഉണ്ടായിരുന്നുവെങ്കിൽ, ഇത് പറയുന്നതിൽ ആർക്കും വേദന തോന്നിയിട്ട് കാര്യമില്ല. ജനതാ ഗവൺമെൻറിന്റെ പരിമിതമായ ഭരണകാലത്ത് മാത്രമാണ് അല്പമെങ്കിലും നീതി പുലർത്തിയിട്ടുള്ളത്. കോൺഗ്രസ്സ് (ഐ) യുടെ ഗവൺമെൻറ് ഒരു കാലത്തും നമ്മുടെ സംസ്ഥാനത്തോട് മുതൽമുടക്കിന്റെ കാര്യത്തിൽ നീതി കാണിച്ചിട്ടില്ല. നമ്മുടെ വിദ്യാഭ്യാസപരമായ ഉയർച്ചയുടെ കാര്യത്തിലും തൊഴിലില്ലായ്മയുടെ കാര്യത്തിലും ഉള്ള ഭീകരത ഒരുവിധത്തിലും പരിഹരിക്കാൻ കേന്ദ്ര ഗവൺമെൻറ് തയ്യാറായിട്ടില്ല. അതുകൊണ്ടുതന്നെ ഇവിടെ മുതലിറക്കു നടത്തുന്നതിന് അവർ തയ്യാറായിട്ടില്ല.

റെയിൽവേയുടെ കാര്യത്തിലാണെങ്കിൽ ഇത്രയേറെ അവഗണന മറ്റ് ഒരു വകുപ്പും നമ്മോട് കാണിച്ചിട്ടില്ല. റെയിൽവേയുടെ വരുമാനത്തിന്റെ ഒരുനല്ല ശതമാനം കേരളത്തിലെ റെയിൽവേ യാത്രക്കാരിൽ നിന്നുമാണ് പിരിച്ചെടുക്കുന്നത്. ആ വസ്തുത ഒരിക്കലും കേന്ദ്ര ഗവൺമെൻറും റെയിൽവേ ബോർഡും പരിഗണിച്ചിട്ടില്ല നമ്മുടെ വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിൽ നിന്ന് കണ്ടംചെയ്ത കോച്ചുകൾ തേച്ചുമിനുക്കി ഇങ്ങോട്ട് അയയ്ക്കുന്ന ഏർപ്പാടാണ് റെയിൽവേ ബോർഡ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ റെയിൽവേ യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളുടെ കാർക്കശ്യം എത്രമാത്രമാണെന്ന് അങ്ങയോട് പ്രത്യേകം പറയേണ്ട കാര്യമില്ല. ഞാൻ ദീർഘമായി അതിലേക്ക് കടക്കുന്നില്ല. രാഷ്ട്രീയ പരിഗണന വച്ചാണ് കേരളത്തിൽ കിട്ടുമെന്നു ഉറപ്പായിരുന്നു. ഈ ഫാക്ടറി പഞ്ചാബിലേക്കു പോയത് എന്നാണ് പ്രധാനപത്രങ്ങളിൽ കണ്ടത്. രാഷ്ട്രീയമായ പരിഗണനവച്ച് ഇത്തരം കാര്യങ്ങൾ എടുക്കുമ്പോൾ കേരളീയർ ശുംഭൻമാരാണെന്ന നിലപാട് കേന്ദ്ര ഗവൺമെൻറ് സ്വീകരിച്ചതുകൊണ്ടല്ലേ ഇത്തരത്തിൽ നമുക്കെതിരായി ഒരു സമീപനം കേന്ദ്ര ഗവൺമെൻറ് സ്വീകരിച്ചത് എന്നു ചോദിക്കേണ്ടിയിരിക്കുന്നു. അത്രമാത്രം അലസമായ ഒരു ജനവിഭാഗമാണ് കേരളീയർ എന്ന നില കേന്ദ്രഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളതിനോട് പ്രതിഷേധം വ്യക്തമാക്കിക്കൊണ്ട് ഞാൻ ഈ പ്രമേയത്തോട് ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. ടി. അഹമ്മദാലി : സർ, കേരളത്തിന് അവകാശപ്പെട്ട കോച്ച് ഫാക്ടറി ലഭ്യമാകണമെന്നുള്ള കാര്യത്തിൽ കേരളത്തിലെ ജനങ്ങളിൽ രണ്ടഭിപ്രായം ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഇത് ഇവിടെ അവതരിപ്പിക്കുമ്പോൾ ഇതൊരു രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ആകരുതെന്നു മാത്രമേ എനിക്ക് പറയുവാനുള്ളു. കേരളത്തെ സംബന്ധിച്ചിടത്തോളം ശ്രീമതി ഇന്ദിരാഗാന്ധി പ്രധാന മന്ത്രിയായിരുന്നപ്പോഴും ശ്രീ. രാജീവ് ഗാന്ധി ഭരിക്കുന്ന ഈ അവസരത്തിലും ഈ സംസ്ഥാനത്തോട് അനുഭാവപൂർണ്ണമായ, ഉദാരമായ സമീപനമാണ് എന്നും പുലർത്തിയിരുന്നത്. ശ്രീ. പന്തളം സുധാകരൻ ഇവിടെ സൂചിപ്പിച്ചതുപോലെ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകാനുള്ള ഒട്ടേറെ വ്യവസായങ്ങൾ ഈ സംസ്ഥാനത്തിന് ലഭ്യമായത് ഈ കാലഘട്ടത്തിലായിരുന്നു. ഇടതുപക്ഷ ഗവൺമെൻറിന്റെ പിൻതുണയുണ്ടായിരുന്ന ജനതാ ഗവൺമെൻറ് ഭരിച്ചിരുന്ന കാലഘട്ടത്തിൽ ഈ സംസ്ഥാനത്തിന് ഒന്നും നേടിയെടുക്കാൻ കഴിഞ്ഞിരുന്നില്ല. ഇവിടെയുള്ള തൊഴിലാളി സമരങ്ങളുടേയും ട്രേഡ് യൂണിയനുകളുടേയും വ്യവസായ സ്ഥാപനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

നശിപ്പിക്കാനുള്ള പ്രവണത മൂലമാണ് കേന്ദ്ര ഗവൺമെൻറ് മുതൽ മുടക്കി ക്കൊണ്ട് ഈ സംസ്ഥാനത്ത് പൊതുമേഖലാ വ്യവസായങ്ങൾ ആരംഭിക്കാൻ മടിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച ഈ പ്രമേയത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് കേരളത്തിന് ഇനിയും ഒരു കോച്ചുഫാക്ടറി അനിവാര്യമാണ്. അത് അടിയന്തിരമായി അനുവദിക്കണമെന്ന് ആവശ്യ പ്പെടണം. മലബാർ മേഖല മുഴുവൻ റെയിൽവേയുടെ അവഗണനയിൽപ്പെട്ടു കിടക്കുകയാണ്. കേരളത്തിന് പുതുതായി അനുവദിച്ച സൂപ്പർഫാസ്റ്റ് എക്സ്പ്രസ് കണ്ണൂർ വരേയുള്ളൂ: അത് മംഗലാപുരംവരെ നീട്ടണം. കഴിഞ്ഞയാഴ്ച ഞാൻ ട്രെയിനിൽ സഞ്ചരിക്കുമ്പോൾ രാവിലെ ഉണർന്നണീറ പ്പോൾ മുഖം കഴുകാനുള്ള വെള്ളംപോലും ബോഗിയിലുണ്ടായിരുന്നില്ല. ഇത്തരം നിരുത്തരവാദപരമായ രീതിയിൽ പെരുമാറുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇന്നത്തെ ബോഗികൾ ചോർന്നൊലിക്കുന്നതും ജീർണ്ണിച്ചവയുമാണ്. അത് അടിയന്തിരമായി മാറി നല്ല ബോഗികൾ ഘടിപ്പിക്കാനും മലബാർ മേഖലയിൽ കാണുന്ന യാത്രാക്ലേശങ്ങൾ പരിഹരിക്കാനും നടപടികളെടുക്കണം. കുഷ്നുള്ള ബോഗികൾ ഇടുന്നില്ല. അതിന് അടിയന്തിരമായി കുഷൻ ലഭ്യമാക്കാൻ ശ്രദ്ധിക്കണം. ഈ കോച്ച് ഫാക്ടറി കേരളത്തിൽ അനുവദിച്ചുകൊണ്ട് ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലിനുള്ള അവസരം ലഭ്യമാക്കണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലി ക്കുകയാണ്. ഈ പ്രമേയം പാസാക്കി അയച്ചാൽ നാളെത്തന്നെ കേന്ദ്രത്തിൽ ഭൂതോദയം ഉണ്ടായി കോച്ച് ഫാക്ടറി നമുക്ക് കിട്ടുമെന്നുള്ള രീതിയിലല്ല ആലോചിക്കുന്നത്. നമുക്കു തരാമെന്നു പറഞ്ഞ കോച്ച് ഫാക്ടറി പഞ്ചാബി ലേക്ക് കൊടുത്തിട്ട് നമ്മെ കൊച്ചാക്കിയ കേന്ദ്രത്തോട് നമുക്ക് പ്രായപൂർത്തി വന്നിട്ടുണ്ട് എന്ന വിവരം അറിയിക്കാനെങ്കിലും ഈ പ്രമേയം പാസ്സാക്കി യാൽ സഹായകരമാകും എന്നതുകൊണ്ടാണ്. അപ്പുറത്തുനിന്ന് പലരും ശകുതിയായി ന്യായീകരിച്ച്, കേന്ദ്രം നമ്മോട് കരുണ കാണിക്കുന്നുണ്ട്, അതിനെതിരായി ഒന്നും പറയാൻ പാടില്ലായെന്ന്. 1982-ൽ 2.1 ശതമാനമായി രുന്നു കേന്ദ്ര മുതൽമുടക്ക് എങ്കിൽ 1983 ആയപ്പോൾ 1.9 ശതമാനമായിട്ട് താഴ്ന്നിട്ടുപോലും താഴ്ന്നുവെന്നു പറയാൻ പറ്റാത്ത സ്ഥിതിയിലാണ് നമ്മൾ ഇരുന്നത്. 1982-83-ൽ ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ആന്ധ്രാ എന്നിവർക്ക് 113 കോടി 1020 കോടി 911 കോടി ഇങ്ങനെ കൊടുത്തപ്പോൾ നമുക്ക് 82 കോടി രൂപയേ കിട്ടിയുള്ളുവെന്ന കണക്ക് ഇക്കണോമിക് ടൈംസിൽ വന്നിട്ടുണ്ട്. കേന്ദ്രം നമ്മോട് കരുണ കാണിക്കുന്നില്ല എന്നു പറയാൻ മടിക്കുന്ന കൂട്ടരാണ് നമ്മൾ. എന്തായാലും എനിക്ക് ഒന്നേ പറയുവാ നുള്ളൂ. അനാഥമായ കേന്ദ്രവിധേയത്തിന് അന്ത്യം കുറിക്കാൻ ഒരുങ്ങണം. അല്ലെങ്കിൽ ഈ രാജ്യത്തിന് കോച്ച് ഫാക്ടറിയും കിട്ടുകയില്ല ഒന്നും കിട്ടുക യില്ല എന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ പ്രമേയത്തോട് പൂർണ്ണമായി യോജിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഇന്നു നിയമസഭ അവസാനിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നെങ്കിലും ഒരു നേരു പറയണം. ഞാൻ ഇതു പറയാൻ കാരണം പാർലമെൻറ് ഇലക്ഷൻ സമയത്ത് അദ്ദേഹം പറഞ്ഞു പാലക്കാട്ടുകാർക്ക് ഒരു സമ്മാനം കൊടുക്കാൻ പോകുന്നെന്ന്. പാർലമെൻറ് ഇലക്ഷൻ കഴിഞ്ഞപ്പോൾ അദ്ദേഹം പറയുന്നു, അങ്ങനെ വാഗ്ദാനം ഒന്നും കൊടുത്തിട്ടില്ലെന്ന്. ശ്രീ. ഇസ്മയിലിന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേ

LIBRARY ARCHIVES Kerala Legislative Assembly

യത്തിന് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞു, വാഗ്ദാനം നേരത്തെ നടത്തിയിരുന്നെന്ന്. ഇതിൽ ഏതാണ് ശരിയെന്ന് മന്ത്രി മറുപടി പറയുമ്പോൾ ഈ സഭയിൽ വ്യക്തമാക്കണം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുന്നു നേരത്തെ ശ്രീമതി ഇന്ദിരാഗാന്ധി വാഗ്ദാനം നടത്തിയിരുന്നെന്ന്. ഈയിടെ മുഖ്യമന്ത്രി പാലക്കാടുവന്നു പറഞ്ഞു, അങ്ങനെ വാഗ്ദാനം ഒന്നും നൽകിയിട്ടില്ലെന്ന്. ഇങ്ങനെ ആളുകളെ പറഞ്ഞുപറഞ്ഞിക്കുന്ന ഏർപ്പാട് അവസാനിപ്പിക്കണം. ഇലക്ഷൻ വരുമ്പോൾ ഒന്നു പറയുകയും അതു കഴിഞ്ഞാൽ വേറൊന്നു പറയുകയും ചെയ്യുന്ന രീതി ശരിയല്ല. പാലക്കാട് ഏറ്റവും ആവശ്യമുള്ള ഈ കോച്ച് ഫാക്ടറി അനുവദിക്കണം. അതു പഞ്ചാബിനു കൊടുത്താൽ ശ്രീ. സീതിഹാജി പറഞ്ഞതുപോലെ രാഷ്ട്രീയ കാരണങ്ങളാലാണ്. അതുപോലെ ബഹളം ഉണ്ടാക്കിയാലേ കിട്ടുകയുള്ളൂ എന്നാണോ പറയുന്നത്. അങ്ങനെ പറഞ്ഞതിനാണ് ശ്രീ. ബാലകൃഷ്ണപിള്ളയെ ക്രൂശിച്ചത്. ശ്രീ. ബാലകൃഷ്ണപിള്ളയെക്കുറിച്ച് പറഞ്ഞാൽ കോച്ച് ഫാക്ടറിയുടെ കാര്യം മിണ്ടുകയില്ല എന്ന ധാരണയാണോ മുഖ്യമന്ത്രിക്കുള്ളത്. വഴിതടയൽ സമരം തുടങ്ങി ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും എല്ലാ പാർട്ടിക്കാരും പങ്കെടുത്തുകൊണ്ടുള്ള സമരമാണ് നടക്കുന്നത്. എന്തായാലും നമ്മുടെ കേരള കോൺഗ്രസ് വലിയ മാന്യത കാണിച്ചു. ശ്രീ. വി. വി. ജോസഫ് ഇവിടെ പ്രസംഗിച്ചപ്പോൾ ഞങ്ങളെ പിൻതുണയ്ക്കുന്നു എന്നു പറഞ്ഞു. അത്രയെങ്കിലും അദ്ദേഹം ചെയ്തതിൽ സന്തോഷം ഉണ്ട്. വോട്ടെടുപ്പിലും ഞങ്ങൾക്കൊപ്പം നിന്നു വോട്ട് ചെയ്യുമെന്നു വിശ്വസിക്കുന്നു. ഞാൻ ഈ പ്രമേയത്തെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

ശ്രീ. കൊട്ടക്കുഴി സുകുമാരൻ : സർ, ഞാൻ ഈ പ്രമേയത്തിന്റെ അന്തസത്തയെ അനുകൂലിക്കുന്നു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യാവസായികമായി കേരളം അവഗണിക്കപ്പെട്ടു കിടക്കുകയാണ്. വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളെ എടുത്തു പരിശോധിച്ചു നോക്കിയാൽ ഇതു കാണാൻ കഴിയും. കോച്ച് ഫാക്ടറി കിട്ടണമെന്നുള്ള അഭിപ്രായം പ്രതിപക്ഷത്ത് നിന്നു അവതരിപ്പിച്ചതായാലും ഭരണപക്ഷത്തുനിന്നു അവതരിപ്പിച്ചതായാലും നാം ഒരേ ശബ്ദത്തിൽ കേന്ദ്രത്തോട് ആവശ്യപ്പെടണം. ഇന്നു രാജ്യം ഭരിക്കുന്ന നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ്ഗാന്ധി ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളേയും ഒന്നായിക്കാണാൻ മനസുള്ള ആളാണെന്ന് ഇതിനകം തന്നെ തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്. എന്തായാലും ഈ കോച്ച് ഫാക്ടറി പോയി എന്നു പറയുന്നില്ല. ഇൻഡ്യയിൽ കോച്ച് ഫാക്ടറി ഒന്നേയുള്ളോ എന്നാണ് ഞാൻ ചോദിക്കുന്നത്. ഒരുപക്ഷേ ഇതു പഞ്ചാബിലേക്ക് പോയാൽത്തന്നെയും കേന്ദ്ര ഗവൺമെന്റ് വിചാരിച്ചാൽ അല്ലെങ്കിൽ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് ഒറ്റക്കെട്ടായി ആവശ്യപ്പെട്ടാൽ കേന്ദ്ര ഗവൺമെന്റ് തീർച്ചയായും കേരളത്തിന് ഒരു കോച്ച് ഫാക്ടറി അനുവദിക്കും. അതുകൊണ്ടാണ് കോച്ച് ഫാക്ടറി വേണമെന്ന കാര്യത്തിൽ നമ്മൾ ഒറ്റക്കെട്ടായി നിൽക്കണമെന്നു പറഞ്ഞത്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇവിടെ നടന്ന ചർച്ചകൾ കേട്ടാൽത്തോന്നും പാലക്കാട് ഒരു റെയിൽവേ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിന് പ്രതിപക്ഷത്തിനു മാത്രമേ താൽപ്പര്യമുള്ളൂവെന്ന്. ഈ സഭയിലെ ഭരണപക്ഷവും പ്രതിപക്ഷവും കാലാകാലങ്ങളിലുള്ള ഗവൺമെന്റും ഒക്കെത്തന്നെ ഒരു കോച്ച് ഫാക്ടറി കേരളത്തിൽ വേണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഞാൻ ഇതിനെ സംബന്ധിച്ച ഫയൽ നോക്കുകയുണ്ടായി. 1982-ൽ റെയിൽവേയുടെ ചാർജ് ഞാൻ വഹിച്ചിരുന്നപ്പോൾ അന്ന് റെയിൽവേയുടെ ചാർജ് വഹിച്ചിരുന്ന കേന്ദ്രമന്ത്രി ശ്രീ പി. സി. സേഥിക്ക് കേരളത്തിൽ ഒരു കോച്ച് ഫാക്ടറി സ്ഥാപിക്കണമെന്ന് പറഞ്ഞ് എഴുതിയ ഒരു ലറർ ഞാൻ ഓർക്കുകയാണ്. അതു കഴിഞ്ഞ് 8-9-1982-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കെ. കരുണാകരൻ അന്ന് കേന്ദ്ര റെയിൽവേമന്ത്രിയായിരുന്ന ശ്രീ. ഗാനിഖാൻ ചൗധിരിക്ക് ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഒരു ലറർ അയയ്ക്കുകയുണ്ടായി.

ശ്രീ. എം. വി. രാഘവൻ : സർ, നമുക്ക് ഇത് ഏകകണ്ഠമായിട്ട് പാസാക്കിക്കൂടെ.

ശ്രീ. കെ. എം. മാണി : സർ, ഞാൻ അതിലേക്ക് വരാം. ഫാക്ടറിക്കുവേണ്ടി നമ്മൾ കഞ്ചിക്കോട് സ്ഥലം കാണിച്ചുകൊടുത്തു. ആ സ്ഥലം കഞ്ചിക്കോട് കൊടുക്കാമെന്ന് പറഞ്ഞു. അതിനുശേഷം റെയിൽ ഇൻഡ്യ ടെക്നിക്കൽ എക്കണോമിക് സർവ്വീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ സ്ഥലം നിർണ്ണയിക്കുന്നതിനുവേണ്ടി ചുമതലപ്പെടുത്തി. (അവരാണ് സ്ഥലം നിർണ്ണയിക്കുന്നത്. കോച്ച് ഫാക്ടറി ഏതു സംസ്ഥാനത്തു കൊടുത്താലും ആ സംസ്ഥാനത്തെത്തി അതിനു പറ്റിയ സ്ഥലമാണോ അവിടെയുള്ളതെന്ന് നോക്കേണ്ടത് അവരാണ്) അവർ ഒരു ചോദ്യാവലി തയ്യാറാക്കി നമുക്ക് അയച്ചുതന്നു. അതിന് നമ്മൾ മറുപടിയും കൊടുത്തു. ഞങ്ങൾ സൗജന്യമായി സ്ഥലം തരാം, ഞങ്ങൾ വിദ്യുച്ഛക്തിയും വെള്ളവും കുറഞ്ഞ നിരക്കിൽ തരാം എന്നിങ്ങനെ എഴുതിക്കൊടുത്തു. അതനുസരിച്ച് ഈ റെയിൽവേയിലെ ഉദ്യോഗസ്ഥൻമാർ കഞ്ചിക്കോട്ടു വന്ന് സ്ഥലപരിശോധന നടത്തി. അതിനുശേഷം 14-6-1984-ൽ കേന്ദ്ര റയിൽവേ മന്ത്രി കേരളം സന്ദർശിച്ചപ്പോൾ കേരളാ ഗവൺമെൻറ് ഈ ആവശ്യം വീണ്ടും ഉന്നയിക്കുകയുണ്ടായി. ലോറസ്റ്റ് ആയിട്ട് 21-1-1985-ൽ നമ്മുടെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ കേന്ദ്ര റയിൽവേ മന്ത്രി ഗാനിഖാൻ ചൗധരിക്ക് ഇതിനെ സംബന്ധിച്ച് വീണ്ടും ലറർ അയക്കുകയുണ്ടായി. അതിനുശേഷം 21-1-1985-ൽ എന്റെ മുൻഗാമിയായ ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഈ കാര്യം ഉന്നയിച്ചുകൊണ്ട് കേന്ദ്ര റയിൽവേ മന്ത്രി ശ്രീ. ബൻസിലാലിന് ഒരു ലറർ അയച്ചതായിട്ട് ഞാൻ ഫയലിൽ കാണുന്നു. അതിനെതുടർന്ന് ഏറ്റവും ഒടുവിലായി കേന്ദ്ര റയിൽവേ ബഡ്ജറ് പുറത്ത് വന്നതിനുശേഷം ശ്രീ. ബൻസിലാലിന് 18-3-1985-ൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ എല്ലാം ഉന്നയിച്ചുകൊണ്ട് ഒരു ലറർ അയക്കുകയുണ്ടായി. അവസാനം 7-5-1985-ൽ കേന്ദ്ര റയിൽവേ മന്ത്രിയുടെ ഒരു ലറർ ഇവിടെ കിട്ടുകയുണ്ടായി. അതിൽ പഞ്ചാബിന് റെയിൽവേ കോച്ച് ഫാക്ടറി അനുവദിച്ച്വെന്ന് നമ്മളെ അറിയിച്ചിട്ടുണ്ട്. ഇവിടെ നിന്നുമാണ് നമ്മുടെ ചർച്ച ആരംഭിക്കുന്നത്. ഇവിടെനിന്നുമാണ് നമ്മുടെ ചർച്ചയെന്നു പറയുന്നത് റെയിൽവേ കോച്ച് ഫാക്ടറി കേരളത്തിനു മാത്രമല്ല, എല്ലാ സംസ്ഥാനങ്ങൾക്കും റെയിൽവേ കോച്ച് ഫാക്ടറി കിട്ടിയാൽ കൊള്ളാമെന്നുണ്ട്. പഞ്ചാബും ചോദിച്ചു, നമ്മളും ചോദിച്ചു, പല സംസ്ഥാനങ്ങളും ചോദിച്ചു. ആ നിലയ്ക്ക വരുമ്പോൾ ഈ ക്യൂയിംസിനെ സംബന്ധിച്ചിടത്തോളം പഞ്ചാബിന് ഒരു റെയിൽവേ കോച്ച് ഫാക്ടറി കൊടുക്കാൻ കേന്ദ്രഗവൺമെൻറ് തീരുമാനിച്ചു. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കൈയിം പോയിട്ടില്ല. നമുക്ക് കേരളത്തിൽ ഒരു റെയിൽവേ കോച്ച് ഫാക്ടറി കിട്ടണം. തത്വത്തിൽ ഇതിനൊരു അഭിപ്രായ വ്യത്യാസവും ഇല്ല. പക്ഷേ എനിക്ക് യോജിക്കാൻ മേലാത്ത ഒരു കാര്യമുണ്ട്. ആരോ ഇവിടെ പറഞ്ഞു 'കേരളാ കാൺഗ്രസ് ഇതിനുവേണ്ടി നിൽക്കുന്നോ, നിങ്ങം ഇതു പ്രസംഗിച്ചില്ലേ' എന്ന്. എന്നാൽ ഈ പ്രമേയം എന്താണ്? ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതിന്റെ ഉള്ളടക്കം 'പാലക്കാട് സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നത് പഞ്ചാബിലേക്ക് മാറി' എനിക്ക് അതിനോട് യോജിക്കാൻ കഴിയുകയില്ല.

ശ്രീ. ബേബിജോൺ : സർ, അങ്ങനെ പറയേണ്ടിവന്നത് എന്തുകൊണ്ടാണെന്നു വച്ചാൽ ബഹുമാന്യനായ നമ്മുടെ മുഖ്യമന്ത്രി പാലക്കാട് ചെയ്ത ഒരു പ്രസംഗത്തിൽ നിങ്ങൾക്കൊരു സമ്മാനമായി ഒരു കോച്ച് ഫാക്ടറി തന്നിരിക്കുന്നുവെന്ന് പ്രസംഗിച്ചതിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. കെ. എം. മാണി : സർ, പ്രസംഗിക്കാത്ത കാര്യങ്ങളൊക്കെ പ്രസംഗിച്ചുവെന്ന് പറയുന്നത് ശരിയല്ല. ഈ പ്രമേയത്തിൽ എനിക്ക് എതിരഭിപ്രായം രണ്ട് കാര്യങ്ങളോടാണ്. നിങ്ങം ഒരു പ്രമേയം വോട്ടിനിടുകയാണെങ്കിൽ അതിലെ വാചകം പ്രധാനമാണ്. ആ വാചകത്തോട് യോജിക്കാൻ ഒക്കുകയില്ല. ഇതിൽ എഴുതിയിരിക്കുന്നത് കോച്ച് ഫാക്ടറി കേരളത്തിൽനിന്ന് പഞ്ചാബിലേക്ക് മാറാനുള്ള കേന്ദ്രഗവൺമെന്റിന്റെ ഇപ്പോഴത്തെ തീരുമാനം ഇതിലെ ഒരു വാചകം ഇതാണ്. കേരളത്തിൽ അനുവദിച്ച ഒരു സ്ഥാപനം ഇവിടെനിന്നും മാറിയിട്ടില്ല. കേരളത്തിൽ അനുവദിച്ച ഒരു സ്ഥാപനം പഞ്ചാബിലേക്ക് മാറിയിരുന്നുവെങ്കിൽ പറഞ്ഞത് ശരിയാണ്. എന്നാൽ കേരളത്തിന് അനുവദിച്ചിട്ടേയില്ല. അതുകൊണ്ട് നിങ്ങളുടെ പ്രമേയത്തിലെ ആ പ്രസക്ത ഭാഗം ഇവിടെ ചേരുന്നതല്ല.

രണ്ടാമത്തെ കാര്യം 'കേന്ദ്രസർക്കാരിനോട് ഈ സഭക്കുള്ള പ്രതിഷേധം രേഖപ്പെടുത്തുകയും നിർദ്ദിഷ്ട കോച്ച് ഫാക്ടറി കേരളത്തിൽതന്നെ സ്ഥാപിക്കണം, എന്നുമാണ്. എന്നു പറഞ്ഞാൽ പഞ്ചാബിന് അനുവദിച്ചത് അവിടെനിന്നും പറിച്ചോണ്ട് ഇവിടെ കൊണ്ടുവരണമെന്ന് എന്തിനാണ് നമ്മളും പഞ്ചാബും തമ്മിലം വഴക്ക്? നമ്മളും പഞ്ചാബും തമ്മിൽ ഒരു വഴക്കിന്റെയും കാര്യമില്ല. പഞ്ചാബിന് അനുവദിച്ച കോച്ച് ഫാക്ടറി അവിടെനിന്നും പറിച്ച്, ആ തീരുമാനം റദ്ദ് ചെയ്യിപ്പിച്ച് ഇവിടെ കൊണ്ടുവരിക എന്ന വളഞ്ഞുകെട്ടിയ ഏർപ്പാട് നമുക്ക് ആവശ്യമില്ല. പഞ്ചാബിനു കൊടുത്തത് പഞ്ചാബിന്. കേരളത്തിന് നമുക്ക് ആവശ്യമായിട്ടുള്ളത് കേരളത്തിനു വേണം. പ്രമേയത്തിന്റെ സ്പിരിറ്റ് അംഗീകരിച്ചിരിക്കുന്നു. പ്രമേയം വോട്ടിനിടാൻ പറ്റില്ല. നിങ്ങളുടെ പ്രമേയത്തിലെ വാചകങ്ങളോട് ഞങ്ങൾക്ക് യോജിപ്പില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിൽ ഒരു കോച്ച് ഫാക്ടറി വേണമെന്നുള്ള ആവശ്യത്തിൽ കേരളാ ഗവൺമെന്റ് ഉറച്ചു നിൽക്കുന്നു. ഇവിടെയൊരു കോച്ച് ഫാക്ടറി സ്ഥാപിച്ചു തരേണ്ടതാണ്.

ശ്രീ. എം. വി. രാഘവൻ : സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്ക് രണ്ട് വാചകങ്ങളോടല്ലേ എതിർപ്പ്. ആ വാചകങ്ങം ഭേഗതി ചെയ്യാനുള്ള വാചകങ്ങം നിങ്ങം പറഞ്ഞാൽ മതി. നമുക്കു പാസാക്കാമല്ലോ.

ശ്രീ. കെ. എം. മാണി : സർ, കേരളത്തിൽ ഒരു റെയിൽവേ കോച്ച് ഫാക്ടറി സ്ഥാപിക്കേണ്ടതാണെന്നുള്ള സ്പിരിറ്റിനോടുകൂടി നിങ്ങൾക്ക് യോജിക്കാൻ കഴിയില്ലേ? നിങ്ങം യോജിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ : സർ, ഞങ്ങൾ യോജിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിതന്നെ ആ അർത്ഥത്തിൽ ഒരു ഭേദഗതി അവതരിപ്പിച്ചാൽ മതി.

ശ്രീ. കെ. എം. മാണി : സർ, ഭേദഗതി പറയില്ല. നിങ്ങളുടെ പ്രമേയത്തിൽ പറയില്ല. നിങ്ങളുടെ പ്രമേയം എന്നു പറയുന്നത് അതൊരു ഇൻഹറൻറ് ആയ വീക്കിനസ്സുള്ള, ഡിഫക്ടീവ് ആയിട്ട് ഡ്രഫ്റ്റ് ചെയ്ത ഒരു പ്രമേയമാണ്. ആ പ്രമേയം ഇനി ഇപ്പോൾ അമെൻഡ് ചെയ്യാൻ പറയില്ല. അതിലെ സ്പിരിറിനോട് ഞങ്ങൾ യോജിക്കുന്നു. ആ സ്പിരിറ് ഞങ്ങൾ ഉൾക്കൊള്ളുന്നു. ആ നിലക്ക് സ്പിരിറ് ഉൾക്കൊണ്ടുകൊണ്ട് നമുക്കിത് അവസാനിപ്പിക്കാം.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്, സ്പിരിറും ചാരായവുമൊന്നും നമുക്കു വേണ്ട. നമുക്കു വേണ്ടത് കേന്ദ്ര ഗവൺമെൻറ് പാലക്കാട് സ്ഥാപിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്ന കോച്ച് ഫാക്ടറി ഇവിടെതന്നെ അനുവദിച്ചുകിട്ടാൻ ഈ അസംബ്ലിയിൽ ഒരു പ്രമേയംമൂലം ആവശ്യപ്പെട്ടു. എന്തെങ്കിലും ഭേദഗതി വേണമെങ്കിൽ അതു വരുത്തി പ്രമേയം പാസാക്കണം. .....(ബഹളം).....

ശ്രീ. കെ. എം. മാണി : ഞാൻ പറഞ്ഞതിനെ ബഹുമാനപ്പെട്ട നായനാർ പരിമിതപ്പെടുത്തുകയാണ്. ഞാൻ പറഞ്ഞത്, ഇത് കേരളത്തിൽ സ്ഥാപിക്കണം, ആ സ്പിരിട്ട് ഉൾക്കൊള്ളണം. അതിനുവേണ്ടി ഒന്നിച്ച് നമുക്ക് നിലകൊള്ളാം. നിങ്ങളുടെ പ്രമേയം ഡിഫക്ടീവാണ്. അതുകൊണ്ട് യോജിക്കാൻ പറയില്ല.

ശ്രീ. പി. വിജയദാസ് : അവതരിപ്പിച്ച ഭേദഗതി വോട്ടിനിട്ട് സഭ തള്ളിക്കളഞ്ഞു.

ശ്രീ.ലോനപ്പൻ നമ്പാടൻ അവതരിപ്പിച്ച ഭേഗേതി വോട്ടിനിട്ട് സഭ തള്ളിക്കളഞ്ഞു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള അവതരിപ്പിച്ച ഭേഗേതി വോട്ടിനിട്ട് സഭ തള്ളിക്കളഞ്ഞു.

ശ്രീ. സി. വാസുദേവമേനോൻ അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ട് തള്ളിക്കളഞ്ഞു.

2. കുട്ടനാട് ഡവലപ്പ്മെൻറ് അതോറിട്ടി രൂപീകരണം

ഡോ. കെ. സി. ജോസഫ് : സർ, ഞാനെൻറ പ്രമേയം അവതരിപ്പിക്കുകയാണ്.

"ഒരു പിന്നോക്കപ്രദേശമായ കുട്ടനാടിൻറെ സർവതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി കുട്ടനാട് താലൂക്ക്, അമ്പലപ്പുഴ, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, ചേർത്തല, തിരുവല്ല, ചങ്ങനാശ്ശേരി, കോട്ടയം, വൈക്കം എന്നീ താലൂക്കുകളുടെ കുട്ടനാടൻ ഭാഗങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു കുട്ടനാട് ഡവലപ്മെൻറ് അതോറിറ്റി രൂപീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് ഈ സഭ സംസ്ഥാനഗവൺമെൻറിനോട് ഭ്യർത്ഥിക്കുന്നു."

സർ, ഈ പ്രമേയത്തിൽ കുട്ടനാടൻ മേഖലയിൽപ്പെട്ട മാവേലിക്കര താലൂക്കിലെ ചില വില്ലേജുകൾ കൂടി ഉൾക്കൊള്ളിക്കത്തക്കവണ്ണമുള്ള ഒരു ഭേദഗതി കൂടിയുണ്ട്. അതും കൂടി അംഗീകരിക്കുന്നതിന് വിരോധമില്ല. ചരിത്ര പുരാതനവും പ്രസിദ്ധവുമായ കുട്ടനാട് ഇന്ന് കേരളത്തിലെ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly